യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 11 നവംബർ 2018 വില 15 രൂപ



## ഭയപ്പെടരുത് വിശ്വസിക്കുക ഏറ്റുപറയുക
സാക് പുന്നൻ

## കരുണ ലഭിച്ചതിനാൽ കരുണ കാട്ടുക
ഡേവിഡ് വിൽക്കേഴ്സൺ

JEEVAMOZHIKAL
**ജീവമൊഴികൾ**

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)

വാല്യം 16 നവംബർ 2018 ലക്കം 11

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:
**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും**
**മീറ്റിംഗുകൾ സംബന്ധിച്ചും**
**കൂടുതൽ വിവരങ്ങൾക്ക്**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| അടിമാലി | 9446556890 |
| തൃശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്ത്*

# വിശ്വാസമാർഗ്ഗത്തെ ലോകത്തിനു കാട്ടിക്കൊടുക്കുക



ക്രിസ്ത്യാനികൾ ലോകത്തിലെ സുഖങ്ങൾ ആഗ്രഹിക്കാതെ അതിനുമീതെ ജീവിക്കുകയും ഏറ്റവും ഉന്നതവും കളങ്കമില്ലാത്തതുമായ സന്തോഷത്തിന്റെ ഉറവിടമാണു തങ്ങളുടെ വിശ്വാസമാർഗ്ഗമെന്നു ലോകത്തിനു കാട്ടിക്കൊടുക്കുകയും വേണം. ഒരു വിശ്വാസിയുടെ സമാധാനം നിറഞ്ഞ നോട്ടവും പ്രസന്നമായ മുഖഭാവവും ആത്മീയമായ പ്രശാന്തിയും തന്റെ വിശ്വാസമാർഗ്ഗത്തെക്കുറിച്ചു മറ്റുള്ളവർക്കു നൽകുന്ന സന്ദേശമായിരിക്കണം.

**ചാൾസ് ഫിന്നി**

## വിശ്വസിക്കുന്നവന് സകലവും സാദ്ധ്യം




*മലകളെ നീക്കുവാൻ തക്ക വിശ്വാസം..... (1 കൊരിന്ത്യർ 13:2)*

## എഡിറ്റോറിയൽ

# ഭയപ്പെടാതെ ആശ്രയിക്കും



*"ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല' എന്ന് അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ 'കർത്താവ് എനിക്കു തുണ ഞാൻ പേടിക്കയില്ല, മനുഷ്യൻ എന്നോട് എന്തു ചെയ്യും' എന്നു നമുക്കു ധൈര്യത്തോടെ പറയാം."* (എബ്രായർ 13:5,6).

കർത്താവായ യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു: 'ചഞ്ചലപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ.' അന്ത്യകാലത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചു തന്റെ ശിഷ്യന്മാരോട് വിശദമായി പറയുന്നതിനിടയിലാണ് അവിടുന്ന് ഈ മുന്നറിയിപ്പ് നൽകിയത് (മത്തായി 24:6). അന്ത്യകാലത്തു സംഭവിക്കുന്ന തന്റെ രണ്ടാം വരവിനെക്കുറിച്ചു പറയുമ്പോഴും യേശു ഇതേ മുന്നറിയിപ്പു നൽകി-'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്' (യോഹന്നാൻ 14:1-3 വായിക്കുക)

കർത്താവു മുന്നറിയിപ്പു നൽകിയ ആ അന്ത്യകാലത്തിലേക്കു രണ്ടായിരം വർഷങ്ങൾക്കു ശേഷം വന്നിരിക്കുകയാണ് നാമിന്ന്. ചഞ്ചലപ്പെടാനും ഹൃദയം കലങ്ങിപ്പോകാനും ഈ കാലത്തിൽ സാധ്യതയുള്ളതുകൊണ്ടാണല്ലോ അങ്ങനെ സംഭവിക്കരുതെന്നു കർത്താവു മുന്നറിയിപ്പു നൽകിയത്.

കണ്ണും കാതും തുറന്ന് ഇന്നത്തെ സമൂഹത്തിൽ ജീവിക്കുന്ന വിശ്വാസികളുടെ ഹൃദയം കലങ്ങിപ്പോകാനും അവർ ചഞ്ചലിച്ചുപോകാനും പ്രേരിപ്പിക്കുന്ന എന്തെല്ലാമാണ് ഈ കാലത്തു നമ്മുടെ രാജ്യത്തു തന്നെ സംഭവിക്കുന്നത്? അടുത്ത കാലത്തുണ്ടായ ചില സുപ്രീം കോടതി വിധികൾ ശ്രദ്ധിക്കുക. അടുത്തുണ്ടായ രണ്ട് ഉത്തരവുകളിലൂടെ വിവാഹേതര ബന്ധങ്ങൾ, സ്വവർഗ്ഗബന്ധങ്ങൾ എന്നിവ ക്രിമിനൽ കുറ്റമല്ലാതാക്കുകയും അവയ്ക്കു നിയമപരിരക്ഷ നൽകുകയും ചെയ്തിരിക്കുന്നു. ഫലത്തിൽ വിവാഹബന്ധത്തിന്റെ പവിത്രതയ്ക്കു ഭീഷണിയാകുന്നവയാണ് ഈ രണ്ടു വിധികളും. ഈ വിധികൾ ഭാവിയിൽ നമ്മുടെ രാജ്യത്തു വിവാഹബന്ധങ്ങളിലും കുടുംബജീവിതങ്ങളിലും എന്തെല്ലാം ദൂരവ്യാപകങ്ങളായ ദൂഷ്യ ഫലങ്ങളാണുണ്ടാക്കുകയെന്നു ഇപ്പോൾ സങ്കല്പിക്കാൻ കഴിയുകയില്ല.

നാം തുടക്കത്തിൽ ഉദ്ധരിച്ച എബ്രായർ 13:5, 6 വാക്യങ്ങളുടെ തൊട്ടുമുകളിലുള്ള വചനം വിവാഹത്തെക്കുറിച്ച് ഇങ്ങനെയാണു പറയുന്നത്: "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമലവും ആയിരിക്കട്ടെ. എന്നാൽ ദുർനടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (13:4). 'വിവാഹം എല്ലാവർക്കും മാന്യമായിരിക്കട്ടെ' എന്ന വാക്യം ഇംഗ്ലീഷിൽ നോക്കുമ്പോൾ അതിന്റെ അർത്ഥം ഇങ്ങനെയാണ്: 'വിവാഹത്തെ എല്ലാവരും മാന്യമായി കണക്കാക്കണം.' അങ്ങനെയെങ്കിൽ ഈ വിധികൾ തീർച്ചയായും വിവാഹത്തെ മാന്യമായി (honourable) കണക്കാക്കുന്നവയല്ല. സ്വവർഗ്ഗബന്ധങ്ങൾ അംഗീകരിച്ചുകൊണ്ട് സ്വവർഗ വിവാഹങ്ങൾക്കു പച്ചക്കൊടി കാട്ടിയതോടെ 'വിവാഹത്തെ എല്ലാവരും മാന്യമായി കണക്കാക്കണം' എന്ന ദൈവികതീർപ്പിനെ അഗണ്യമാക്കി. വിവാഹേതരബന്ധങ്ങൾക്കുണ്ടായിരുന്ന നിയമവിലക്ക് എടുത്തുകളഞ്ഞ്

വീണ്ടും വിവാഹത്തിന്റെ മാന്യതയെ അപഹാസ്യമാക്കി. മാറിമാറി വരുന്ന നിയമങ്ങളും വിധികളും കാലത്തിനനുസരിച്ച് എന്തെല്ലാം പറഞ്ഞാലും പക്ഷേ ദൈവവചനത്തിനു മാറ്റമില്ല. ഏതു കാലത്തിലും ഏവരും വിവാഹജീവിതത്തെ മാന്യമായി കരുതണം എന്ന് വചനം ആവശ്യപ്പെടുന്നു. എന്നാൽ വചനത്തിനു വിരുദ്ധമായ നിലയിൽ രാജ്യത്തു ചട്ടങ്ങളും നിയമങ്ങളും വരുമ്പോൾ അവ സൃഷ്ടിക്കുന്ന മൂല്യച്യുതിയുടെ കാലഘട്ടത്തിലൂടെയാണല്ലോ കർത്താവിന്റെ വരവു താമസിച്ചാൽ നമ്മുടെ തലമുറകളും വിശ്വാസസമൂഹവും കടന്നുപോകേണ്ടതെന്ന് ഇന്നു വിശ്വാസി ഓർത്തുപോകുന്നു. തീർച്ചയായും ഹൃദയം കലങ്ങാവുന്ന, ചഞ്ചലിച്ചു പോകാവുന്ന, സാഹചര്യം. പക്ഷേ അവിടെയും ദൈവികവാഗ്ദാനം ഇരുളിൽ നക്ഷത്രം പോലെ തിളങ്ങുന്നു – 'ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല.'

ആധാറിനുവേണ്ടി ശേഖരിച്ച വിവരങ്ങൾ ബ്രിട്ടനെപ്പോലെ വേണ്ടെന്നു വയ്ക്കാതെ ആധാർനമ്പർ നമ്മുടെ രാജ്യത്തു നിർബന്ധമാക്കിയ സുപ്രീംകോടതി വിധിയും വചനം അറിയാവുന്ന വിശ്വാസിയുടെ മനസ്സിൽ എതിർക്രിസ്തുവിന്റെ മുദ്രയിലേക്ക് ലോകം തിടുക്കപ്പെടുകയാണല്ലോ എന്ന ചിന്തയാവും കൊണ്ടുവരിക. ലോകം അതിന്റെ അന്ത്യത്തിലേക്കു കൂപ്പുകുത്തുമ്പോൾ, ഹൃദയം കലങ്ങാം, ചഞ്ചലിച്ചു പോകാം. പക്ഷേ അവിടെയും ദൈവിക വാഗ്ദാനത്തിനു മാറ്റമില്ല– 'ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല.'

'ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല' എന്നതു പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണിയാണ്. മോശെ നേതൃത്വത്തിൽ നിന്നു മാറുന്ന സമയത്തു യിസ്രായേലിനും യോശുവയ്ക്കും ദൈവം നൽകുന്ന വാഗ്ദാനം. (ആവർത്ത. 31:6, 8; യോശുവ 1:5 വായിക്കുക). അതുവരെ ദൈവികാലോചന പറഞ്ഞു തന്നു തങ്ങളെ നടത്തിയിരുന്ന മോശെ പൊടുന്നനെ മാറ്റപ്പെടുന്നു എന്നു കേട്ടപ്പോൾ യിസ്രായേലും യോശുവയും ചഞ്ചലിച്ചും ഹൃദയം കലങ്ങിയും പോയതു സ്വാഭാവികം. എന്നാൽ താൻ മാറുകയില്ലെന്നും കൈവിടുകയില്ലെന്നും ഉറപ്പു നൽകി ദൈവം അവരെ ശക്തിപ്പെടുത്തുകയാണ്.

ഈ ഉറപ്പിക്കുന്ന വചനമാണ് എബ്രായ ക്രിസ്ത്യാനികൾക്കായി ലേഖനത്തിന്റെ ഈ അവസാനഭാഗത്തു ലേഖനകാരൻ എടുത്ത് ഉദ്ധരിക്കുന്നത്. എബ്രായർ 13:5–8 വാക്യങ്ങളിൽ എബ്രായ ക്രിസ്ത്യാനികൾക്ക് (വിശ്വാസികളായ നമുക്കും) ഉറപ്പു നൽകുന്ന മൂന്നു കാര്യങ്ങൾ കാണാൻ കഴിയും: 'ഞാൻ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല' എന്ന ദൈവികവാഗ്ദാനം ഒന്നാമതായി നാം കണ്ടു (13:5). വാഗ്ദാനം മാത്രമല്ല, വാഗ്ദാനത്തിനു പിന്നിലുള്ള വ്യക്തിയെയും ഈ ഭാഗത്തു നമുക്കു കാണാം– 'യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ' (13:8). അതെ, വാഗ്ദാനം നൽകിയവൻ വിശ്വസ്തൻ, അവിടുന്നു മാറാത്തവൻ. മൂന്നാമതായി ഈ മാറാത്ത ദൈവത്തിലും അവിടുന്നു നൽകിയ വാഗ്ദാനത്തിലും ആശ്രയിച്ച് ജീവാവസാനം വരെ വിശ്വാസത്തിൽ നിലനിന്ന ഒരു വിശ്വാസസമൂഹത്തെയും (സഭ)

*(ശേഷം പേജ് 39 ൽ)*

സന്ദേശം

# ഭയപ്പെടരുത്, വിശ്വസിക്കുക; ഏറ്റുപറയുക

സാക് പുന്നൻ

"വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു; അത് ഞങ്ങൾ സംസാരിക്കുന്ന വിശ്വാസവചനം തന്നെ. യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവരെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ടു നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറകയും ചെയ്യുന്നു." (റോമർ 10:8-10)

വിശ്വാസം വായ്കൊണ്ട് ഏറ്റുപറ



*ഒരു ഭവനത്തിൽ ഭാര്യയും ഭർത്താവും അവിശ്വാസത്തിന്റെയോ നൈരാശ്യത്തിന്റെയോ വാക്കുകൾ സംസാരിക്കാതെ എപ്പോഴും വിശ്വാസത്തിന്റെ വാക്കുകൾ മാത്രം പരസ്പരം സംസാരിക്കുന്ന പക്ഷം എത്ര നല്ലൊരു അന്തരീക്ഷമായിരിക്കും അവിടെ സൃഷ്ടിക്കപ്പെടുന്നത്!*

> **ഒരു വൈദ്യുതപ്രവാഹവൃത്തം പൂർത്തിയാക്കുവാൻ വേണ്ടി അന്യോന്യം ഇണക്കിച്ചേർക്കുന്ന രണ്ടു കമ്പികൾ പോലെയാണു വിശ്വാസവും ഏറ്റുപറച്ചിലും. ഒരു വൈദ്യുത സ്വിച്ചിൽ വച്ച് രണ്ടു കമ്പികൾ തമ്മിൽ സ്പർശിക്കുമ്പോൾ മാത്രമാണ് വൈദ്യുതവിളക്കു പ്രകാശിക്കുകയും പങ്ക കറങ്ങുകയുമെല്ലാം ചെയ്യുന്നത്. നാം ഹൃദയത്തിൽ പല കാര്യങ്ങളും വിശ്വസിച്ചിട്ടുണ്ടെങ്കിലും അവയെ നാം വായ്കൊണ്ട് ഏറ്റുപറയാതിരുന്നതു മൂലം നമ്മുടെ ജീവിതത്തിൽ നമുക്കു പല നന്മകളും ലഭിക്കാതെ നാം നഷ്ടം സഹിക്കേണ്ടിവരും**

യുക എന്നതു നാം ചിന്തിക്കുന്നതിലും വളരെയധികം പ്രധാനമായ ഒരു കാര്യമാണ്. പലപല കാര്യങ്ങൾ നാം ഹൃദയംകൊണ്ടു വിശ്വസിച്ചെന്നുവരാം. എന്നാൽ ഈ കാര്യങ്ങൾ നാം വായ്കൊണ്ട് ഏറ്റുപറയുമ്പോൾ മാത്രമേ നമുക്കു രക്ഷയും സ്വാതന്ത്ര്യവും ലഭിക്കുന്നുള്ളുവെന്നു മുകളിൽ ഉദ്ധരിച്ച വാക്കുകളിൽ നാം വ്യക്തമായും കാണുന്നു.

ഒരു മനുഷ്യൻ ഹൃദയത്തിൽ വിശ്വസിക്കുന്നുവെങ്കിലും വായ്കൊണ്ടു താൻ വിശ്വസിക്കുന്ന കാര്യം ഏറ്റുപറയുന്നില്ലെങ്കിൽ അവനു രക്ഷ പ്രാപിക്കുക സാദ്ധ്യമല്ല.

ഒരു വൈദ്യുതപ്രവാഹവൃത്തം പൂർത്തിയാക്കുവാൻ വേണ്ടി അന്യോന്യം ഇണക്കിച്ചേർക്കുന്ന രണ്ടു കമ്പികൾ പോലെയാണു വിശ്വാസവും ഏറ്റുപറച്ചിലും. ഒരു വൈദ്യുത സ്വിച്ചിൽ വച്ച് രണ്ടു കമ്പികൾ തമ്മിൽ സ്പർശിക്കുമ്പോൾ മാത്രമാണ് വൈദ്യുതവിളക്കു പ്രകാശിക്കുകയും പങ്ക കറങ്ങുകയുമെല്ലാം ചെയ്യുന്നത്. നാം ഹൃദയത്തിൽ പല കാര്യങ്ങളും വിശ്വസിച്ചിട്ടുണ്ടെങ്കിലും അവയെ നാം വായ്കൊണ്ട് ഏറ്റുപറയാതിരുന്നതു മൂലം നമ്മുടെ ജീവിതത്തിൽ നമുക്കു ലഭിക്കേണ്ട പല നന്മകളും ലഭിക്കാതെ നാം നഷ്ടം സഹിക്കുക എന്നത് എപ്പോഴും സംഭവിക്കാവുന്ന ഒരു കാര്യമാണ്.

യേശു കാര്യങ്ങൾ തന്റെ ഹൃദയത്തിൽ വിശ്വസിക്കുക മാത്രമല്ല ചെയ്തത്. അവിടുന്ന് തന്റെ വായ്കൊണ്ട് അവയെ സംസാരിക്കുകകൂടി ചെയ്തു. മരുഭൂമിയിൽവച്ച് താൻ പരീക്ഷിക്കപ്പെട്ട സന്ദർഭത്തിൽ അവിടുന്നു ദൈവവചനം സാത്താനോടു സംസാരിച്ചു. അങ്ങനെയാണ് അവിടുത്തേക്കു സാത്താനെ ജയിക്കാൻ കഴിഞ്ഞത്.

യേശു നമ്മുടെ വിശ്വാസത്തിന്റെ നായകനും അതിനെ പൂർണ്ണമാക്കുന്നവനുമാണെന്ന് എബ്രായർ 12:2-ൽ പറയുന്നു. വിശ്വാസം എന്താണെന്ന് അവിടുന്നു നമുക്കു കാണിച്ചുതന്നു. അവിടുന്ന് എല്ലായ്പ്പോഴും വിശ്വാസത്തിന്റെ വാക്കുകൾ സംസാരിച്ചു. അവിശ്വാസത്തിന്റേതായ ഒരു വചനം ഒരിക്കലും അവിടുത്തെ വായിൽനിന്നു വീണിട്ടില്ല. നാമും ഇതേ വിധത്തിൽ നമ്മെത്തന്നെ പരിശീലിപ്പിക്കണം. വീട്ടിലോ സഭയിലോ എവിടെയായാലും ഒരിക്കലും ഒരിക്കൽപ്പോലും അവിശ്വാസത്തിന്റെ

വാക്കുകൾ സംസാരിക്കരുത്.

വിശ്വാസത്തിന്റേതായ ഒരു വചനം സംസാരിപ്പാൻ നമ്മുടെ പക്കൽ ഇല്ലെങ്കിൽ സദൃശ്യവാക്യം 17:28-ൽ പറയുന്നതു നമുക്കു ചെയ്യാം. "മിണ്ടാതിരുന്നാൽ ഭോഷനെപ്പോലും ജ്ഞാനിയായി എണ്ണും." ഒരാളോടു പറയേണ്ട സർവോത്തമമായ കാര്യം എന്താണെന്നു നമുക്കറിഞ്ഞുകൂടാത്ത സന്ദർഭങ്ങൾ ഉണ്ടാകാം. നിർദ്ദയവും അപമാനകരവുമായ ഒരു കത്തിന് എങ്ങനെ മറുപടി നൽകണമെന്ന് നമുക്കു നിശ്ചയമില്ലാതെ വരാം. അത്തരം സന്ദർഭങ്ങളിൽ മൗനമവലംബിക്കുക എന്നതാണ് നമുക്കു ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം. അങ്ങനെ ചെയ്യുന്ന പക്ഷം അവിശ്വാസത്തിന്റെ വിഷജ്വാലകൾ അധികം പടരാനിടയാകാതെ, അതിൽ നാമും കുറ്റക്കാരാകാതെ, നമുക്കു രക്ഷപ്പെടാൻ കഴിയും.

ഒരു ഭവനത്തിൽ ഭാര്യയും ഭർത്താവും അവിശ്വാസത്തിന്റെയോ നൈരാശ്യത്തിന്റെയോ വാക്കുകൾ സംസാരിക്കാതെ എപ്പോഴും വിശ്വാസത്തിന്റെ വാക്കുകൾ മാത്രം പരസ്പരം സംസാരിക്കുന്ന പക്ഷം എത്ര നല്ലൊരു അന്തരീക്ഷമായിരിക്കും അവിടെ സൃഷ്ടിക്കപ്പെടുന്നത്!

''വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു'' (റോമർ 10:17) ക്രിസ്തുവിന്റെ വചനമെന്നത് പ്രാഥമികമായിപ്പറഞ്ഞാൽ പുതിയനിയമമാണ്. പുതിയനിയമത്തിലുള്ള ദൈവവാഗ്ദാനങ്ങളാൽ നാം പിടിക്കപ്പെടുമ്പോൾ വിശ്വാസം നമ്മുടെ ഹൃദയങ്ങളിൽ ഉരുവാകും. നമ്മുടെ ഞെരുക്കത്തിന്റെ സന്ദർഭത്തിൽ ഒരു ദൈവവചനം വീണ്ടും വീണ്ടും നമ്മെ ശക്തീകരിക്കുമ്പോൾ ക്രമേണ അതു നമ്മുടെതന്നെ ഒരു ഭാഗമായിത്തീരും. അതോടൊപ്പം ആ വചനം ഉപയോഗിച്ചു മറ്റുള്ളവരെ ശക്തീകരിക്കുവാനും നമുക്കു കഴിവു ലഭിക്കും. അങ്ങനെ എല്ലായ്പ്പോഴും വിശ്വാസത്തിന്റെ വചനങ്ങൾ സംസാരിക്കുന്ന ശീലം നമുക്കു വളർത്തിയെടുക്കുവാൻ സാധിക്കും.

''ദൈവത്തെ സ്നേഹിക്കുന്നവർക്കു സകലവും നന്മയ്ക്കായി ദൈവം കൂട്ടിച്ചേർത്തു വ്യാപരിക്കുന്നു'' (റോമർ 8:28) എന്ന വാഗ്ദാനത്തെപ്പറ്റിത്തന്നെ ആലോചിക്കുക. ജീവിതത്തിലെ ചെറുതും വലുതുമായ ഓരോ സാഹചര്യത്തിലും ഇതു നാം വിശ്വസിക്കുന്ന പക്ഷം നാം എല്ലായ്പ്പോഴും കർത്താവിൽ സന്തോഷിക്കുന്നവരായിത്തീരും. അങ്ങനെ കുറേക്കാലം കഴിയുമ്പോൾ ആ ദൈവവചനത്തിൽനിന്നുള്ള വിശ്വാസത്തിൽ നിന്നു നമ്മെ ഇളക്കുവാൻ യാതൊരാൾക്കും, യാതൊന്നിനും തന്നെ കഴിവില്ലാതാകും. എന്തുകൊണ്ടാണ് ഒട്ടനേകം വിശ്വാസികൾ തങ്ങളുടെ സാഹചര്യങ്ങളെപ്പറ്റി പരാതിപ്പെടുകയും പിറുപിറുക്കുകയും ചെയ്യുന്നത്? എന്തുകൊണ്ടാണ് മറ്റുള്ളവർ തങ്ങൾക്ക് ദ്രോഹം ചെയ്തുവെന്ന പരാതി പലരിൽനിന്നും കേൾപ്പാൻ ഇടയാകുന്നത്? ഈ ഒരൊറ്റ ദൈവവചനം അവർ വിശ്വസിക്കാത്തതുകൊണ്ടല്ലേ അത്? മറ്റൊന്നുമല്ല അതിന്റെ കാരണം. യാതൊരാളും ഒരിക്കലും എനിക്കു ദ്രോഹം ചെയ്തിട്ടില്ലെന്ന്, അഥവാ അപ്രകാരം ദ്രോഹം ചെയ്‌വാൻ ആർക്കും സാദ്ധ്യമ

> **നിങ്ങളുടെ എല്ലാ പരിശ്രമങ്ങളെയും വിഫലമാക്കിക്കൊണ്ട് നിങ്ങൾ വീണ്ടും വീണ്ടും ഒരു പാപത്തിൽ വീണുപോകുന്ന അനുഭവമാണോ നിങ്ങൾക്കുള്ളത്? അങ്ങനെയെങ്കിൽ ആ പാപം പോലും നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ലെന്നും നിങ്ങൾ അതിനെ കീഴടക്കണമെന്നുമുള്ള വിശ്വാസവചനം ഇന്നു നിങ്ങൾ സംസാരിക്കുക. ആഴ്ചകൾ കഴിയുമ്പോൾ വീണ്ടും വീണ്ടും ആ പാപത്താൽതന്നെ നിങ്ങൾ തോല്പിക്കപ്പെടുന്നുവെങ്കിൽപോലും ആ വിശ്വാസവചനം സംസാരിച്ചുകൊണ്ടേയിരിക്കുക. എങ്കിൽ വിജയം നിങ്ങളുടേതായിത്തീരും.**

ല്ലെന്ന് എനിക്ക് പറയുവാൻ കഴിയും. ഒരുപക്ഷേ അപ്രകാരം ചെയ്‌വാൻ അവർ ശ്രമിച്ചേക്കാം. പക്ഷേ അത് എന്റെ അടുക്കൽ എത്തുന്നതിനു മുമ്പുതന്നെ ദൈവം അത് എന്റെ നന്മയ്ക്കാക്കിത്തീർക്കും. ഈ വിധത്തിൽ സംഭവിച്ചിട്ടുള്ള ധാരാളം സന്ദർഭങ്ങൾ എനിക്കിപ്പോൾ ഓർക്കുവാൻ കഴിയും.

ഇനി മറ്റൊന്ന്: "പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ല" എന്ന വാഗ്ദാനത്തെപ്പറ്റി ചിന്തിക്കുക (റോമർ6:14). അനേകം വിശ്വാസികളുടെ കാര്യത്തിലും അവരുടെ മേൽ മുറുകെപ്പറ്റുന്ന ഏതെങ്കിലും ഒരു പാപം ഉണ്ടായിരിക്കും (എബ്രാ. 12:1). നിങ്ങളുടെ കാര്യത്തിൽ അത് അപ്രകാരമോ? നിങ്ങളുടെ എല്ലാ പരിശ്രമങ്ങളെയും വിഫലമാക്കിക്കൊണ്ട് നിങ്ങൾ വീണ്ടും വീണ്ടും ആ പാപത്തിൽ വീണുപോകുന്ന ഒരനുഭവമാണോ നിങ്ങൾക്കുള്ളത്? അങ്ങനെയെങ്കിൽ ആ പാപം പോലും നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ലെന്നും നിങ്ങൾ അതിനെ കീഴടക്കണമെന്നുമുള്ള വിശ്വാസവചനം ഇന്നു നിങ്ങൾ സംസാരിക്കുക. ആഴ്ചകൾ കഴിയുമ്പോൾ വീണ്ടും വീണ്ടും ആ പാപത്താൽതന്നെ നിങ്ങൾ തോല്പിക്കപ്പെടുന്നുവെങ്കിൽപോലും ആ വിശ്വാസവചനം സംസാരിച്ചുകൊണ്ടേയിരിക്കുക. എങ്കിൽ വിജയം നിങ്ങളുടേതായിത്തീരുന്ന ദിവസം വരും. നേരെമറിച്ചു പരാജയത്തിന്റെയും വീഴ്ചയുടേതുമായ വചനങ്ങൾ നാം സംസാരിക്കുന്ന പക്ഷം സാത്താനെ മഹത്വപ്പെടുത്തുകയായിരിക്കും നാം ചെയ്യുന്നത്. എത്ര ദീർഘകാലം നിങ്ങൾ പരാജിതനായി എന്നതു പ്രധാനപ്പെട്ട കാര്യമല്ല. നിങ്ങൾക്കുപോലും വിജയം സാധ്യമാണ്. നിങ്ങളുടെമേൽ മുറുകെപ്പറ്റുന്ന ആ പാപത്തിൽ നിങ്ങൾ പതിനായിരം പ്രാവശ്യം വീണെന്നു വന്നാലും ഓരോ പ്രാവശ്യവും എഴുന്നേറ്റ് "ദൈവം സത്യവാൻ; സകല മനുഷ്യരും ഭോഷ്ക് പറയുന്നവർ" എന്ന് ഏറ്റുപറയുക. (റോമർ 3:4). പാപം എന്റെമേൽ അധികാരം ചെലുത്തുകയില്ല എന്നു സാത്താന്റെ മുമ്പിൽ വീണ്ടും വീണ്ടും ദൈവവചനം സംസാരിക്കുക. അതാണ് യേശു ചെയ്തത്. നിങ്ങളും ഒരു വിശ്വാസവീരനായി, വിശ്വാസമുള്ള ഒരു വീരവനിതയായി, തീരുക,

പരാജയം സമ്മതിച്ച് നിരാശയുടെ വാക്കുകൾ ഏറ്റു പറയുന്നത് അവിശ്വാസമുള്ള ഒരു ദുഷ്ടഹൃദയത്തിന്റെ ലക്ഷണമാണ്. ഇത് ജീവ

നുള്ള ദൈവത്തെ ത്യജിച്ചു കളയുകയാണ് (എബ്രാ. 3:12). നാൾതോറും അന്യോന്യം പ്രബോധിപ്പിക്കുവാനും, ധൈര്യപ്പെടുത്തുവാനുമാണു വചനം നമ്മോടു കല്പിച്ചിട്ടുള്ളത്. നമ്മുടെ ഹൃദയങ്ങൾ പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിനു വേണ്ടിയാണ് നാം ഇത് ചെയ്യേണ്ടത്. അങ്ങനെ നമുക്ക് അവിശ്വാസമുള്ള ഒരു ദുഷ്ടഹൃദയത്തിൽനിന്നു വിടുതൽ ലഭിക്കും. എന്തെന്നാൽ അവിശ്വാസമാണ് നമ്മുടെ ഹൃദയത്തെ കഠിനമാക്കിത്തീർക്കുന്നത്.

സഭായോഗങ്ങളിൽ നാം സാക്ഷ്യം പറയുമ്പോൾ നമ്മുടെ പാപങ്ങളും വീഴ്ചകളും പരസ്യമായി നാം ഏറ്റുപറയരുത്. സാക്ഷ്യം പറയുമ്പോൾ മിക്കവാറും മുഴുവൻ സമയവും തങ്ങളുടെ പരാജയങ്ങളും പാപങ്ങളും ഏറ്റുപറയുവാൻ ചെലവഴിച്ചു സാത്താനെ മഹത്വപ്പെടുത്തുന്ന ധാരാളം വിശ്വാസികളുണ്ട്. ഇത് ചെയ്തശേഷം അവർ വേഗത്തിൽ ഇരുന്നുകളയുന്നു. തങ്ങൾ താഴ്മയുള്ള സഹോദരന്മാരാണെന്നു മറ്റുള്ളവരെ കാണിക്കുവാനാണ് അവർ ഇത് ചെയ്യുന്നത്! എന്നാൽ ഈ വിധത്തിലുള്ള ഒരു സാക്ഷ്യം ആരെയും ധൈര്യപ്പെടുത്തുകയോ ആർക്കും ആത്മിക വർദ്ധന വരുത്തുകയോ ചെയ്യുന്നില്ല. അതു പിശാചിനെ മഹത്വപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളൂ.

പരീക്ഷ നിങ്ങൾക്കു വഹിക്കാവുന്നതിലധികമാണെന്നു തോന്നിക്കുന്ന ഏതെങ്കിലും സാഹചര്യത്തെ നിങ്ങൾ അഭിമുഖീകരിക്കുന്ന പക്ഷം 1 കൊരിന്ത്യർ 10:13-ൽ പറയുന്ന കാര്യം ചിന്തിക്കുക: "ദൈവം വിശ്വസ്തൻ നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ അവിടുന്നു സമ്മതിക്കുകയില്ല." സങ്കല്പിക്കുവാൻ പോലും കഴിയാത്ത വിധമുള്ള കഷ്ടപ്പാടുകൾ, അഗാധമായ തെറ്റിദ്ധാരണ, സാമ്പത്തികമായും മറ്റുമുള്ള വലിയ ഞെരുക്കങ്ങൾ, ചികിത്സയില്ലാത്ത രോഗങ്ങൾ ഇവയെല്ലാമായിരിക്കാം നിങ്ങൾ അഭിമുഖീകരിക്കുന്നത്.

മറ്റാർക്കും മനസ്സിലാക്കാൻ കഴിയാത്ത ശോധനകൾ ആയിരിക്കും ഇവയെല്ലാം. നിങ്ങൾ കടന്നുപോകുന്ന ശോധനയെന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു കഴിവില്ലായിരിക്കാം; നിങ്ങളുടെ കഷ്ടതയിലൂടെ കടന്നുപോകുക എനിക്ക് അസാദ്ധ്യവും ആയിരിക്കും. എന്നിരുന്നാലും ഒരു കാര്യം എനിക്ക് ധൈര്യത്തോടെ പറയാൻ കഴിയും. നിങ്ങളുടെ കഴിവിനപ്പുറമായി പരീക്ഷ നിങ്ങൾക്കുണ്ടാകുവാൻ ഒരിക്കലും ഒരിക്കലും ദൈവം അനുവദിക്കുകയില്ല. കാരണം, ഇതു ദൈവത്തിന്റെ നിത്യമായ വചനമാണ്. അതിനാൽ സാത്താന്റെ മുമ്പിൽ ഇത് ധൈര്യപൂർവ്വം ഏറ്റുപറയുന്നു. പ്രത്യേകിച്ചും സ്വയ സഹതാപത്തിന്റെ ചെളിയിൽ വീണുരുളുവാൻ അവൻ നിങ്ങളോട് ആവശ്യപ്പെടുമ്പോൾ ഏറ്റുപറയുക തന്നെ ചെയ്യുക. ഒരു കനത്ത ശോധനയെ അഭിമുഖീകരിക്കുവാൻ നിങ്ങളെ ദൈവം അനുവദിക്കുന്നത്, അതിനെ അതിജീവിക്കുവാനുള്ള നിങ്ങളുടെ ശക്തിയിൽ ദൈവത്തിനുള്ള വലിയ വിശ്വാസം മൂലമാണ്.

ദുഷ്ടന്റെ സകല തീയമ്പുകളെയും കെടുത്തിക്കളയുവാൻ വിശ്വാസം എന്ന പരിചയ്ക്ക് ശക്തിയുണ്ട്. (എഫേ 6:16). അതിനെ എല്ലായ്പ്പോഴും നമുക്ക് ഉയർത്തിപ്പിടിക്കാം.

അതോടൊപ്പം ആത്മാവിന്റെ വാളായ ദൈവവചനം ധൈര്യത്തോടെ നമുക്ക് സംസാരിക്കുകയും ചെയ്യാം (എഫേ 6:17). തങ്ങളുടെ സാക്ഷ്യവചനം മൂലം സാത്താനെയും അവന്റെ കുറ്റാരോപണങ്ങളെയും ജയിക്കുന്നവരാണ് സാക്ഷാൽ ജയാളികൾ (വെളി 12:11). അവരുടെ വായിൽ എല്ലായിപ്പോഴും ദൈവവചനം ഉണ്ടായിരിക്കും. അതിനാലാണ് അവർ ആ സാക്ഷ്യം സാത്താനോട് പറയുന്നത് അപ്രകാരം അവർ അവനെ ജയിക്കുന്നു.

എന്ത് സംഭവിച്ചാലും നാം ദൈവത്തെ സ്തുതിക്കണം. അങ്ങനെ നാം ചെയ്യുന്ന പക്ഷം നാം അവിടുത്തെ മഹത്വപ്പെടുത്തുന്നവരാകും. നാം ഒരു വിനോദയാത്രയ്ക്കുള്ള പദ്ധതി തയാറാക്കുമ്പോൾ മഴപെയ്തു യാത്ര തടസപ്പെട്ടുവെന്നിരിക്കട്ടെ. അപ്പോഴും ദൈവം തന്നെ സ്നേഹിക്കുന്നവർക്കു സകലവും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നുവെന്ന് നമുക്ക് വിശ്വസിക്കാം. റോമർ 8:28 ന്റെ പരിധിയിൽ ഉൾപ്പെടത്തക്കവണ്ണം പ്രധാന്യമില്ലാത്ത വളരെ ചെറിയ കാര്യമാണിത് എന്ന് ചിലർ വാദിച്ചേക്കാം. അത്തരക്കാരോട് 'നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ' എന്നു ഞാൻ പറയും. നിങ്ങൾ അത് വിശ്വസിക്കായ്കമൂലം മഴപോലെയുള്ള കാര്യങ്ങൾ ഒരിക്കലും നിങ്ങൾക്ക് നന്മയ്ക്കായി കൂടി വ്യാപരിക്കുകയില്ല. എന്നാൽ ഞാൻ അത് വിശ്വസിക്കുന്നതിനാൽ അതെല്ലാം എനിക്കു നന്മയ്ക്കായി ത്തീരും. ദൈവവാഗ്ദാനങ്ങളെ നാം വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നുവോ ഇല്ലയോ എന്നതിനെ ആശ്രയിച്ചാണ് ഇതെല്ലാം ഇരിക്കുന്നത്. റോമർ 8:28 -ൽ പറയുന്ന സകലവും എന്ന പദം 75% കാര്യങ്ങളെപ്പറ്റി മാത്രമാണെന്നു നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്ക് അത് വിശ്വസിച്ചുകൊണ്ട് മുന്നോട്ട് പോകാം. എന്നാൽ സകലവും എന്നതിന് സകലവും എന്നാണർത്ഥമെന്നു വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ.

ക്യാൻസറിന്റെ കാര്യം എടുക്കുക. അത് ആർക്കെങ്കിലും നന്മയ്ക്കായികൂടി വ്യാപരിക്കുമോ? ധാരാളം ആളുകളുടെ കാര്യത്തിൽ അത് നന്മയ്ക്കായികൂടി വ്യാപരിച്ചിട്ടുണ്ട്. ആ മാറാവ്യാധി പിടിപെട്ടതിന്റെ ഫലമായി അവർ ക്രിസ്തുവിങ്കലേക്കു മാനസാന്തരപ്പെടുവാൻ ഇടയായിട്ടുണ്ട്. അത്തരം വിശ്വാസികൾ നിത്യതയിൽ എഴുന്നേറ്റു തങ്ങൾക്കു ക്യാൻസർ പിടിപ്പെട്ടതിനുവേണ്ടി ദൈവത്തെ സ്തുതിക്കും!! വളർച്ചയില്ലാത്തവരും മന്ദബുദ്ധികളുമായ കുട്ടികളുടെ കാര്യത്തിലോ? ഇത്തരം കുട്ടികളെ ലഭിച്ചിട്ടുള്ള ഒട്ടനേകം കുടുംബങ്ങളുണ്ട്. ഒരു കാര്യം തീർച്ചയാണ്. വളർച്ചയില്ലാത്ത ഈ കുട്ടികൾ രക്ഷപ്രാപിക്കുകയും ദൈവരാജ്യത്തിൽ പ്രവേശിക്കയും ചെയ്യും. എന്തെന്നാൽ അവർ ഒരിക്കലും ബോധപൂർവ്വം പാപം ചെയ്യുന്നില്ല. എന്നാൽ അതേ കുടുംബത്തിലെ ബുദ്ധിശാലികളായ കുട്ടികൾ ദൈവരാജ്യത്തിലേക്കുള്ള വഴി കണ്ടെത്തുമോ എന്ന കാര്യം അത്രയും നിശ്ചയമില്ലാത്ത ഒന്നാണ്. ധാരാളം മാതാപിതാക്കൾ തങ്ങൾക്ക് ഇത്തരം കുഞ്ഞുങ്ങൾ ജനിച്ചതിനുവേണ്ടി നിത്യതയിൽ ദൈവത്തെ സ്തുതിക്കും.

*(ശേഷം പേജ് 32 ൽ )*

ധ്യാനചിന്തകൾ

# ലഹരിമരുന്നുകളുടെ ഇരുണ്ടലോകം

**ചെ**റുപ്പക്കാർ ലഹരിമരുന്നുകളുടെ ഇരകളായി മാറുന്നതിനെക്കുറിച്ചുള്ള വാർത്തകളാണെവിടെയും. കൗമാരക്കാരിൽ ലഹരി മരുന്നു മാഫിയ പിടിമുറുക്കുന്നതിനെക്കുറിച്ചുള്ള ഫീച്ചറുകളും റിപ്പോർട്ടുകളുമാണ് ഇപ്പോൾ മാധ്യമങ്ങളിൽ നിറയുന്നത്.

"ലഹരി മരുന്നിനു കുട്ടികൾ അടിമകളാകുന്നതിനുള്ള ഏറ്റവും പ്രധാന കാരണം എന്താണെന്നു നിനക്കു പറയാമോ?" "പറയാം– ഏകാന്തത"

ഈ ചോദ്യവും മറുപടിയും 'കുരിശും കഠാരയും' എന്ന ആത്മകഥാഗ്രന്ഥത്തിൽ നിന്നാണ്. ഡേവിഡ് വിൽക്കേഴ്സന്റേതാണ് ഈ ആത്മകഥ. ലോകമെമ്പാടും ആയിരക്കണക്കിനു കുട്ടികളെ ലഹരി മരുന്നിൽ നിന്നു മോചിപ്പിച്ച 'ടീൻ ചലഞ്ച്' എന്ന സന്നദ്ധ സംഘടനയുടെ സ്ഥാപകനായിരുന്നു അദ്ദേഹം. വിൽക്കേഴ്സൺ, ന്യൂയോർക്കിൽ ലഹരിമരുന്നിന് അടിമകളായ കൗമാരക്കാരുടെ സംഘത്തിലെ അംഗമായിരുന്ന അഞ്ജലോ മൊറെയിൽസുമായി സൗഹൃദം സ്ഥാപിച്ചു കഴിഞ്ഞ് അവനോടു ചോദിച്ച ചോദ്യവും അതിനു ലഭിച്ച മറുപടിയുമാണ് മുകളിൽ നൽകിയത്. എൽ എസ് ഡി, ഹീറോയിൻ, മാരിജുവാന തുടങ്ങിയ ലഹരിമരുന്നുകളുടെ പിടിയിലായ കൗമാരക്കാരുമായി ഡേവിഡ് വിൽക്കേഴ്സൺ, ബന്ധപ്പെടുന്നതു തികച്ചും യാദൃച്ഛികം എന്നു തോന്നാവുന്ന ഒരു സംഭവത്തിലൂടെയാണ്. വിൽക്കേഴ്സന്റെ ജീവിതത്തിൽ വഴിത്തിരിവായത് ഒരു കൊലക്കേസാണ്. മൈക്കൽ ഫാർമർ കൊലക്കേസ്. ന്യൂയോർക്കിലെ ഹൈബ്രിഡ്ജ് പാർക്കിലാണ് ആ മൃഗീയ കൊലപാതകം അരങ്ങേറിയത്. മൈക്കൽ ഫാർമർ എന്ന പോളിയോ ബാധിതനായ പതിനഞ്ചു വയസ്സുകാരനെ ലഹരിമരുന്നിന്റെ അടിമകളായ ഏഴു കൗമാരക്കാർ ചേർന്നു പരസ്യമായി കൊലപ്പെടുത്തി. പ്രത്യേകിച്ചു കാരണമെന്നും ഉണ്ടായിരുന്നില്ല. ഈ ഏഴു കുട്ടികളും കൊലനടത്തുന്ന സമയത്ത് ലഹരിമരുന്നിന്റെ പിടിയിലായിരുന്നു എന്നു പിന്നീടു വ്യക്തമായി.

ലഹരിമരുന്നിന്റെ പിടിയിൽപ്പെട്ട് കൊലപാതകികളായിമാറിയ ഈ കുട്ടികളെ രക്ഷപ്പെടുത്തണമെന്ന ആഗ്രഹമാണു വിൽക്കേഴ്സന്റെ ജീവിതത്തെ ആകെ മാറ്റി മറിച്ചത്. ന്യൂയോർക്കിൽ നിന്നു 350മൈൽ അകലെ പെൻസിൽവാനിയയിലെ 'ഫിൽസ്ബർഗ്' എന്ന കൊച്ചു പർവതപട്ടണത്തിൽ ജീവിച്ചിരുന്ന വലിയ ലോകപരിചയം ഒന്നുമില്ലാതെ ഒരു സുവിശേഷകനായിരുന്നു അദ്ദേഹം. കൊലക്കേസിൽ പ്രതികളായ കുട്ടികളെ രക്ഷിക്കാനുള്ള വ്യഗ്രതയിൽ

**ഓരോ കൗമാര അധോ ലോക സംഘത്തിലും യഥേഷ്ടം ചെന്നു കുട്ടികളു മായി പരിചയപ്പെട്ടപ്പോൾ, അവരുടെ കഥകൾ അറിഞ്ഞു കഴിഞ്ഞപ്പോൾ, വിൽക്കേഴ്സൺ അമ്പരന്നു പോയി. ഇവരിൽ നല്ല പങ്കും മാരിജുവാന, എൽ എസ് ഡി, ഹീറോയിൻ തുടങ്ങിയ ലഹ രിമരുന്നുകളുടെ അടിമകളാ ണ്. ഹീറോയിൻ ഞരമ്പിൽ നേരിട്ടു കുത്തിവയ്ക്കുന്ന 'മെയിൻലൈനർ'മാരാണു പെൺകുട്ടികൾ ഉൾപ്പെടെ പലരും. കുത്തും കൊലയും കുടിപ്പകയും അധോലോക സംഘങ്ങൾ തമ്മിലുള്ള പോരാട്ടവും അവിടെ നിത്യസംഭവം**

വിൽക്കേഴ്സൺ മുൻപിൻ നോക്കാതെ നേരെ ന്യൂയോർക്കി ലേക്കു യാത്രയായി. ജീവിതത്തിൽ അതിനു മുൻപൊരിക്കലും അദ്ദേഹം ആ വലിയ പട്ടണത്തിൽ പോയിട്ടു ണ്ടായിരുന്നില്ല. വിൽക്കേഴ്സൺ അവിടെ എത്തുമ്പോൾ കേസിന്റെ വിചാരണ കോടതിയിൽ നടക്കുക യാണ്. അദ്ദേഹം വഴി ചോദിച്ചും പറഞ്ഞും കോടതിയിൽ എത്തി. കോടതി നടപടികളെക്കുറിച്ചുള്ള അജ്ഞതയിൽ വിൽക്കേഴ്സൺ കോടതിയിൽ വച്ച് വിചാരണയുടെ ഒരു ഇടവേളയിൽ ഈ കുട്ടികളെക്കു റിച്ചു ജഡ്ജിയോടു പരസ്യമായി സംസാരിക്കാൻ തുനിഞ്ഞു. പോലീസ് കൈയോടെ വിൽക്കേ ഴ്സണെ പിടികൂടി. ഒടുവിൽ 'കഥ യില്ലാത്ത ഒരു നാട്ടിൽപുറത്തുകാ രൻ' എന്ന പരിഗണനയിൽ ജഡ്ജി അദ്ദേഹത്തെ വിട്ടയച്ചു, മേലിൽ കോടതിയിൽ കയറിപ്പോകരുതെന്ന താക്കീതോടെ. പക്ഷേ ഒച്ചപ്പാടുണ്ടാ ക്കിയ ഫാർമർ കൊലക്കേസ് വിചാ രണ റിപ്പോർട്ടു ചെയ്യാൻ കോടതി യിൽ എത്തിയിരുന്ന മാധ്യമങ്ങൾക്കു വീണുകിട്ടിയ നല്ല ഒരു 'സൈഡ് ലൈറ്റ് വാർത്ത'യായിരുന്നു 'കൊല ക്കേസ് വിചാരണയിൽ ഇടപെട്ടു പരി ഹാസ്യനായ 'നാട്ടിൻപുറത്തുകാരൻ ഉപദേശി'യുടെ കഥ. അവർ ഫോട്ടോ സഹിതം വിൽക്കേഴ്സന്റെ വാർത്ത പൊടിപ്പും തൊങ്ങലും വച്ചു പിറ്റേ ന്നത്തെ പത്രങ്ങളിൽ വലുതായി കൊടുത്തു. ടിവികളിൽ ചിത്രങ്ങൾ വന്നു.

'ചീപ്പ് പോപ്പുലാരിറ്റി'ക്കു വേണ്ടി ശ്രമിച്ച ആളെന്നു മുദ്രകുത്തി കോട തിയും പൊലീസും അവഹേളിക്കു കയും സമൂഹവും മാധ്യമങ്ങളും പരി ഹസിക്കുകയും ചെയ്തെങ്കിലും ഈ സംഭവമാണ് ലഹരിമരുന്നിന് ഇരക ളായ കൗമാരക്കാരുടെ അധോലോക സംഘങ്ങളിലേക്കു വിൽക്കേഴ്സണ് വാതിൽ തുറന്നു കൊടുത്തത്.

ന്യൂയോർക്കു പട്ടണത്തിൽ ആൺകുട്ടികളും പെൺകുട്ടികളും അംഗങ്ങളായ ധാരാളം അധോ ലോക സംഘങ്ങൾ ഉണ്ടായിരുന്നു. ആ കുട്ടികളെല്ലാം, ലഹരിമരുന്നു മായി ബന്ധപ്പെട്ട സംഭവമായതി നാൽ ഫാർമർ കൊലക്കേസ് വിചാ രണയുടെ വിശദാംശങ്ങൾ ശ്രദ്ധിക്കാ റുണ്ടായിരുന്നു. അതുകൊണ്ടു തന്നെ വിൽക്കേഴ്സൺ ഈ ഒരൊറ്റ സംഭവത്തോടെ അവർക്കിടയിൽ സ്വീകാര്യനായി.പത്രങ്ങളിലും ടിവി യിലും വന്ന ചിത്രങ്ങൾ കണ്ട് തെരു വിൽ പല കുട്ടികളും അദ്ദേഹത്തെ

തിരിച്ചറിഞ്ഞു. തങ്ങളിലൊരാളായി അവർ വിൽക്കേഴ്സണെ കണ്ടു. അതിന്റെ പിന്നിലെ മനഃശാസ്ത്രം അവർ തന്നെ വിൽക്കേഴ്സണോട് ഇങ്ങനെ വിശദീകരിച്ചു 'പൊലീസും കോടതിയും അധോലോക സംഘാംഗങ്ങളായ കുട്ടികൾക്ക് എപ്പോഴും എതിരാണ്. അതേ പൊലീസും കോടതിയും ഇപ്പോൾ വിൽക്കേഴ്സണെയും കോടതിയിൽ നിന്നു പിടിച്ചു പുറത്താക്കി പരിഹസിച്ചു. പൊലീസ് വിൽക്കേഴ്സണും എതിരാണ്. അതുകൊണ്ട് തങ്ങളിൽ ഒരാളാണു വിൽക്കേഴ്സൺ.'

അങ്ങനെയാണ് തെരുവിലെ കൗമാരസംഘങ്ങളുടെ താവളങ്ങളിൽ വിൽക്കേഴ്സണ് അതേവരെ ആർക്കും ലഭിക്കാത്ത പ്രവേശനം ലഭിച്ചത്. ആ ഇരുണ്ട ലോകത്തേക്ക് ആദ്യമായി ചെല്ലുന്ന പുറത്തുനിന്നുള്ള ആളായിരുന്നു അദ്ദേഹം. ഓരോ കൗമാര അധോലോക സംഘത്തിലും യഥേഷ്ടം ചെന്നു കുട്ടികളുമായി പരിചയപ്പെട്ടപ്പോൾ, അവരുടെ കഥകൾ അറിഞ്ഞു കഴിഞ്ഞപ്പോൾ, വിൽക്കേഴ്സൺ അമ്പരന്നു പോയി. ഇവരിൽ നല്ല പങ്കും മാരിജുവാന, എൽ എസ് ഡി, ഹീറോയിൻ തുടങ്ങിയ ലഹരിമരുന്നുകളുടെ അടിമകളാണ്. ഹീറോയിൻ ഞരമ്പിൽ നേരിട്ടു കുത്തിവയ്ക്കുന്ന 'മെയിൻലൈനർ'മാരാണു പെൺകുട്ടികൾ ഉൾപ്പെടെ പലരും. കുത്തും കൊലയും കുടിപ്പകയും അധോലോക സംഘങ്ങൾ തമ്മിലുള്ള പോരാട്ടവും ഒരു വശത്ത്. ലഹരിമരുന്നിന്റെ വ്യാപകമായ ഉപയോഗവും വിൽപ്പനയും വേറൊരു വശത്ത്. സെക്സ് പാർട്ടികളും മദ്യപാനവും മറ്റൊരു വശത്ത്. ഇതിൽപ്പെട്ട് നാടിനും വീടിനും തലവേദനയായി, ആഗ്രഹമുണ്ടെങ്കിലും ലഹരിയുടെ വലയിൽ നിന്നു രക്ഷപ്പെടാൻ കഴിയാതെ നശിക്കുന്ന ആയിരക്കണക്കിനു കൗമാരക്കാർ!

ഇവരുടെ ജീവിതം തൊട്ടറിഞ്ഞപ്പോൾ വിൽക്കേഴ്സൺ തന്റെ ശിഷ്ടായുസ്സ് ഈ കുട്ടികളുടെ വിമോചനത്തിനായി ഉഴിഞ്ഞുവച്ചു. ഫാർമർ കൊലക്കേസ് പ്രതികളായ ഏഴു കുട്ടികളെ രക്ഷിക്കുന്നതിനെക്കാൾ എത്രയോ വലിയ ദൗത്യമായിരുന്നു ഇത്! വിൽക്കേഴ്സൺ സകുടുംബം ന്യൂയോർക്കിലേക്കു താമസം മാറ്റി. 'ടീൻ ചലഞ്ച്' എന്നൊരു സന്നദ്ധസംഘടന രൂപീകരിച്ചു ലഹരിമരുന്നിനെതിരെ കുരിശുയുദ്ധം തന്നെ പ്രഖ്യാപിച്ചു. ആയിരക്കണക്കിനു കുട്ടികൾക്കു രൂപാന്തരം സംഭവിച്ചു.

ലഹരിമരുന്നിന്റെ ലോകത്തെ വിൽക്കേഴ്സന്റെ ഉദ്വേഗജനകമായ അനുഭവങ്ങൾ 'ദ് ക്രോസ് ആൻഡ് ദ് സ്വിച്ച്ബ്ലേഡ്' (കുരിശും കഠാരയും) എന്ന പേരിൽ പുസ്തകമാക്കിയപ്പോൾ* മുപ്പതു ഭാഷകളിലായി അതിന്റെ ഒന്നരക്കോടി കോപ്പികളാണു ലോകമെങ്ങും വിറ്റുപോയത്. 'ദ് ക്രോസ് ആൻഡ് ദ് സ്വിച്ച്ബ്ലേഡ്' എന്ന പ്രശസ്തമായ ഹോളിവുഡ് ചിത്രത്തിനും ഈ പുസ്തകം ആധാരമായി. വിൽക്കേഴ്സന്റെ ഇടപെടലിനാൽ രൂപാന്തരം ഉണ്ടായ നിക്കി ക്രൂസ് എന്ന അധോലോക നേതാവ് എഴുതിയ 'റൺ ബേബി റൺ' എന്ന പുസ്തകവും ചൂടപ്പം പോലെ വിറ്റഴിഞ്ഞു.

ഏകാന്തതയാണ് കുട്ടികൾ ലഹരിയിലേക്കു വഴുതാനുള്ള മുഖ്യകാരണമെന്നു ന്യൂയോർക്കിൽ വച്ച് ആഞ്ജലോ എന്ന കുട്ടി തന്നോടു പറഞ്ഞപ്പോൾ ആദ്യം താൻ അതു വിശ്വസിച്ചില്ല എന്ന് വിൻക്കേഴ്സൺ

**ശൂന്യതാബോധം അസഹ്യമാകുമ്പോൾ മനുഷ്യൻ അതു പലതും വച്ച് അടയ്ക്കാൻ നോക്കും. പക്ഷേ അതിന്റെ ആകൃതി ദൈവത്തിന്റെ ആകൃതിയായതിനാൽ മറ്റെന്തെല്ലാം അവിടെ കൊണ്ടുവന്നു വച്ചാലും ആ ശൂന്യത പൂർണമായി അടയുകയില്ല. ആ ശൂന്യത പൂർണമായി ഇല്ലാതാക്കാൻ ഒരു മാർഗമേയുള്ളു. അവിടെ, ആ ഭാഗത്ത്, ദൈവത്തെ തന്നെ കൊണ്ടുവന്നു പ്രതിഷ്ഠിക്കുക. അപ്പോൾ ആ ശൂന്യത കൃത്യമായി അടയും. ശൂന്യതാബോധം മാറിപ്പോകും.**

എഴുതിയിട്ടുണ്ട്. ഒരു കോടിയിലേറെ ആളുകൾ പാർക്കുന്ന വൻ നഗരത്തിൽ ആർക്കാണ് ഏകാന്തത? എന്നാൽ ആരും സ്നേഹിക്കാനില്ലാത്ത കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ഇതു ശരിയാണെന്നു തനിക്കു പിന്നീടു ബോധ്യം വന്നതായി വിൽക്കേഴ്സൺ വിവരിക്കുന്നു. തനിക്ക് ഒരു രൂപാന്തരം വന്നു കഴിഞ്ഞപ്പോൾ ആദ്യം ഉണ്ടായത് ജീവിതത്തിലെ ഏകാന്തതാബോധം മാറിപ്പോയി എന്നതാണെന്ന് നിക്കി ക്രൂസും വിവരിച്ചിട്ടുണ്ട്. നിക്കി, തന്റെ ജിവിതത്തിലെ രണ്ടു രംഗങ്ങൾ വിവരിച്ചിട്ടുള്ളത് ഇതിലേക്കു വെളിച്ചം വീഴുന്നു:

ആദ്യത്തേത് നിക്കി ക്രൂസിന്റെ കുത്തഴിഞ്ഞ ജീവിതം മൂലം തുടർച്ചയായി പൊലീസ് കേസുകൾ വരാൻ തുടങ്ങിയപ്പോൾ മാതാപിതാക്കൾ അവനെ ന്യൂയോർക്കിൽ തനിയെ വിട്ടിട്ടു പ്യൂർട്ടോറിക്കയിലേക്കു മടങ്ങിപ്പോയതിനെക്കുറിച്ചു പറയുന്ന ഭാഗമാണ്. കുരിശും കഠാരയിലും കൊടുത്തിട്ടുള്ള നിക്കിന്റെ സാക്ഷ്യത്തിൽ നിന്ന് ആ ഭാഗം ഇങ്ങനെ: "മാതാപിതാക്കളോടു ഗുഡ്ബൈ പറയാൻ ഞാനും സഹോദരനും വിമാനത്താവളത്തിൽ പോയിരുന്നു. തിരിച്ചു വരുമ്പോൾ അവൻ കാറിൽ വച്ച് എനിക്ക് ഒരു കൈത്തോക്കു തന്നു.-' നിക്ക് ഇനി നീയായി, നിന്റെ പാടായി'. വീട് ഇല്ലാതായതോടെ ഉറങ്ങാൻ ഒരു സ്ഥലം കണ്ടുപിടിക്കുക എന്നതായിരുന്നു എന്റെ ആദ്യത്തെ പ്രശ്നം. തോക്കുകാട്ടി വിരട്ടി ഒരാളിൽ നിന്നു 10 ഡോളർ ഞാൻ തട്ടിയെടുത്തു; മിർട്ടിൻ അവന്യുവിൽ അങ്ങനെ ഞാനൊരു മുറി വാടകയ്ക്കെടുത്തു. എനിക്കന്ന് 16 വയസ്സാണ്. അതിനു ശേഷം ഞാനങ്ങനെയാണ് ജീവിച്ചത്- പണത്തിനുവേണ്ടി ആളുകളെ പിടികൂടും. അല്ലെങ്കിൽ എന്തെങ്കിലും തട്ടിയെടുക്കും.

പകലൊന്നും കുഴപ്പമില്ല. സംഘാംഗങ്ങൾ എന്നോടൊപ്പം ഉണ്ടല്ലോ! നേതാവെന്ന നിലയിൽ ഞാനെന്തു പറഞ്ഞാലും അവർ അനുസരിക്കും. പക്ഷേ രാത്രിയായാലാണു പ്രശ്നം. ഞാൻ ഒറ്റയ്ക്ക് ആ മുറിയിൽ ആയിരിക്കുന്നത് അസഹനീയമാണ്.

മിഠായിക്കടയിൽ വച്ച് ഏറ്റുമുട്ടലിൽ കൊന്ന രണ്ടുപേരെക്കുറിച്ചുള്ള ഓർമകൾ എന്റെ മനസ്സിൽ തള്ളിക്കയറി വരും. അവരെക്കുറിച്ചു ചിന്തിക്കാതിരിക്കാനായി ഞാനെന്റെ

തല നിലത്തുമുട്ടിച്ച് ഇരിക്കും. ഞാൻ അർധരാത്രിയിൽ ഉണർന്ന് അമ്മയെ ഓർത്തു കരയും. അമ്മ പോകുന്നതിനു മുൻപ് ഞങ്ങൾ തമ്മിൽ സംസാരിക്കാറു പോലും ഇല്ലായിരുന്നു. പക്ഷേ പൊടുന്നനെ അമ്മയെക്കുറിച്ചുള്ള ഓർമകൾ എന്നിൽ സജീവമായി. അമ്മ വന്ന് എന്റെ കാര്യങ്ങൾ നോക്കണമെന്നു പോലും എനിക്കു തോന്നാൻ തുടങ്ങി....."

ഇങ്ങനെ വർഷങ്ങൾ ചിലതു കടന്നുപോയി. ഒടുവിൽ നിക്കിക്രൂസും ഡേവിഡ് വിൽക്കേഴ്സനും തമ്മിൽ കണ്ടുമുട്ടി. നിക്കിയുടെ ജീവിതത്തിൽ ഒരു രൂപാന്തരം ഉണ്ടാകുന്നു. ആ രംഗം നിക്കി വിവരിക്കുന്നത് ഇങ്ങനെ: "ഞാൻ മുട്ടുകുത്തി എന്റെ ജീവിതത്തിലെ ഒരു ആദ്യത്തെ പ്രാർത്ഥന ഇങ്ങനെ പ്രാർത്ഥിച്ചു: 'ദൈവമേ, ന്യൂയോർക്കിലെ ഏറ്റവും വൃത്തികെട്ട പാപി ഞാനാണ്. എന്നെ നിനക്കു വേണമെന്നു തോന്നുന്നില്ല. എന്നാൽ നിനക്കു ശരിക്കുമെന്നെ വേണമെങ്കിൽ ഞാൻ തയാറാണ്. ഞാൻ മുമ്പ് എത്രമോശമായിരുന്നോ യേശുവിനു വേണ്ടി അത്രയും നന്നാകാൻ ഞാൻ ആഗ്രഹിക്കുന്നു.' പ്രാർത്ഥന കഴിഞ്ഞു ഞാൻ എഴുന്നേറ്റു. 'എനിക്കുമാറ്റമുണ്ടായോ, ഉണ്ടെങ്കിൽ അതെങ്ങനെ അറിയും' എന്നെല്ലാം ചിന്തിച്ചുകൊണ്ട് ഞാൻ നേരേ എന്റെ മുറിയിലേക്കു പോയി. ആദ്യം സംഭവിച്ചത് മുറിയിൽ ചെന്നു വാതിൽ അടച്ചു കഴിഞ്ഞപ്പോൾ എനിക്കു പഴയതു പോലെ പേടി ഉണ്ടായില്ല എന്നതാണ്. മുറിയിൽ ആരോ ഒപ്പമുണ്ടെന്ന ആശ്വാസം. അമ്മ മടങ്ങിവന്നതുപോലൊരു തോന്നൽ. എന്റെ പക്കൽ മരിജുവാന തെറുത്തുവച്ച നാലു സിഗരറ്റുകൾ ഉണ്ടായിരുന്നു. ഞാൻ അതെല്ലാം ജനലിലൂടെ പുറത്തുകളഞ്ഞു."

നമ്മുടെ ഹൃദയത്തിൽ ദൈവത്തിന്റെ ആകൃതിയിൽ ഒരു ശൂന്യതയുണ്ടെന്നു പറഞ്ഞത് ശാസ്ത്രജ്ഞനും ക്രിസ്തീയ ചിന്തകനുമായിരുന്ന പാസ്കലാണ്. അദ്ദേഹം പറഞ്ഞു: ആ ശൂന്യതാബോധം അസഹ്യമാകുമ്പോൾ മനുഷ്യൻ അതുപലതും വച്ച് അടയ്ക്കാൻ നോക്കും. പക്ഷേ അതിന്റെ ആകൃതി ദൈവത്തിന്റെ ആകൃതിയായതിനാൽ മറ്റെന്തെല്ലാം അവിടെ കൊണ്ടുവന്നു വച്ചാലും ആ ശൂന്യത പൂർണമായി അടയുകയില്ല. ആ ശൂന്യത പൂർണമായി ഇല്ലാതാക്കാൻ ഒരു മാർഗമേയുള്ളു. അവിടെ, ആ ഭാഗത്ത്, ദൈവത്തെ തന്നെ കൊണ്ടുവന്നു പ്രതിഷ്ഠിക്കുക. അപ്പോൾ ആ ശൂന്യത കൃത്യമായി അടയും. ശൂന്യതാബോധം മാറിപ്പോകും. ഇന്നു നമ്മുടെ രാജ്യത്തെ പുതിയ തലമുറ ആ ശൂന്യതയെ ലഹരിമരുന്നുകൊണ്ട് അടയ്ക്കാൻ നോക്കി പരാജയപ്പെടുകയാണോ? എങ്കിൽ, വിൽക്കേഴ്സനെപ്പോലെ അവരെ സഹായിക്കുവാൻ ഇവിടെ ആരാണുള്ളത്?

---

***'ക്രോസ് ആൻഡ് സ്വിച്ച് ബ്ലേഡ്' ജീവമൊഴി പബ്ലിക്കേഷൻസ് 'കുരിശും കഠാര'യും എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കോപ്പികൾ വേണ്ടവർ ബന്ധപ്പെടുക. ഫോൺ:8281027519**

വചനദീപം

# കരുണ ലഭിച്ചതിനാൽ കരുണ കാട്ടുക

**ഡേവിഡ് വിൽക്കേഴ്സൺ**

“നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ. അവർക്കു നന്മ ചെയ്വിൻ. ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ. എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും. നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും. അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ. അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സിലുള്ളവർ ആകുവിൻ. വിധിക്കരുത്. എന്നാൽ നിങ്ങളേയും വിധിക്കയില്ല. ശിക്ഷയ്ക്കു വിധിക്കരുത്. എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല. വിടുവിൻ, എന്നാൽ നിങ്ങളേയും വിടുവിക്കും.” (ലൂക്കോ. 6:35-37)

ഉല്പത്തി പുസ്തകത്തിലെ സൊദോം ഗൊമോര സംഭവം ഓർക്കുന്നുണ്ടോ? ദൂതന്മാരെ അയച്ച് ദൈവം ലോത്തിനെ നാശത്തിൽനിന്നു രക്ഷിച്ച ഭാഗം (ഉല്പത്തി 19:1-29).

ഇനി ഞാൻ ചോദിക്കട്ടെ. ലോത്തിനേയും കുടുംബത്തെയും രക്ഷിക്കാൻ ദൈവം എന്തുകൊണ്ടാണ് ദൂതന്മാരെ അയച്ചത്? സൊദോമിൽ നിന്ന് ലോത്തും പെൺമക്കളും രക്ഷപ്പെട്ടു. അതേ സമയം ലോത്തിന്റെ ഭാര്യയും ജാമാതാക്കളും അവിടെ നശിച്ചു പോയി. ലോത്ത് രക്ഷപ്പെടാനുള്ള കാരണമെന്താണ്? ദൈവം ദൂതന്മാരെ അയച്ച് ഈ മനുഷ്യനെ അക്ഷരാർത്ഥത്തിൽ തന്നെ നാശത്തിൽ നിന്നു വലിച്ചെടുത്തു രക്ഷിച്ചതെന്തുകൊണ്ട്?

ലോത്തിന്റെ ധാർമിക നിലവാരം വളരെ ഉന്നതമായിരുന്നതുകൊണ്ടാണോ? അതോ ദൈവം അവനിൽ മഹത്തായ എന്തെങ്കിലും കണ്ടതുകൊണ്ടാണോ? അല്ല. ഉത്തരം വളരെ ലളിതമാണ്. ‘യഹോവ അവനോടു കരുണ ചെയ്കയാൽ........... ആ പുരുഷന്മാർ കൈക്കു പിടിച്ച്......... പട്ടണത്തിന്റെ പുറത്തു കൊണ്ടുപോയി ആക്കി’ (ഉല്പത്തി 19:16). ദൈവം അവനോടു കരുണയുള്ളവനായിരുന്നു!

ഈ അന്ത്യകാലഘട്ടത്തിൽ ന്യായവിധിയെ അഭിമുഖീകരിക്കുന്ന ഒരു സമൂഹത്തിൽ ജീവിക്കുന്ന വിശ്വാസിയുടെ പ്രതിനിധിയാണ് ലോത്തെന്ന് എനിക്ക് തോന്നാറുണ്ട്. നാശത്തിലേക്കു ഞെട്ടറ്റുവീഴാൻ പഴുത്തുപാകമായി നില്ക്കുന്ന ഇന്നത്തെ ദുഷ്ട തലമുറയുടെ മധ്യത്തിൽ നീതിയുള്ള ഒരു ശേഷിപ്പായി സഭ നിൽക്കുന്നു. ലോത്തും തന്റെ തലമുറയിൽ നീതിമാനായിരുന്നല്ലോ. (2 പത്രൊസ് 2:6-8)

ഇന്ന് ദൈവത്തിന്റെ സഭയും നീതിയുള്ളതായി സൂക്ഷിക്കപ്പെടു

ന്നെങ്കിൽ അതു യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം മൂലം മാത്രമാണ്. അല്ലാതെ എന്തെങ്കിലും നന്മയോ ധാർമികതയോ ദൈവം നമ്മിൽ കണ്ടതുകൊണ്ടല്ല. വെറും കരുണ. കരുണമാത്രമാണ് അവൻ നമ്മെ തേടിവന്ന് നമ്മെ ന്യായവിധിയിൽ നിന്നു കോരിയെടുത്തു രക്ഷിപ്പാനുള്ള കാരണം.

നമ്മുടെ സമൂഹത്തിന്റെ പാപം ഇന്നു ആകാശത്തോളം ഉയർന്നിരിക്കുന്നു. അധാർമികത, തിന്മ, ലൈംഗിക പാപങ്ങൾ എല്ലാം വർദ്ധിക്കുകയാണ്. നാം എന്തുകൊണ്ടാണ് ഇവയിൽ മുങ്ങിപ്പോകാതിരിക്കുന്നത്? പാപത്തിന്റെ ഈ കുത്തൊഴുക്കിൽ നാമും ഒലിച്ചു പോകാതിരിക്കുന്നത് എന്തുകൊണ്ട്?

സൊദോമിലെ ദുഷ്ടതയെക്കുറിച്ചു നാം സംസാരിക്കാറുണ്ട്. എന്നാൽ വർത്തമാനപ്പത്രങ്ങൾ നോക്കിയാൽ സൊദോമിലേതിനേക്കാൾ ആയിരം മടങ്ങ് ദോഷമുള്ളതാണ് ഇന്നത്തെ സമൂഹമെന്നു കാണാം. ഇന്നത്തെപ്പോലെ ശിശുഹത്യകൾ, കൂട്ടക്കൊലകൾ, ഗർഭഛിദ്രം ഇവയൊന്നും സൊദോമിലുണ്ടായിരുന്നതായി നാം ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നില്ല. അക്രമത്തെയും ലൈംഗിക അരാജകത്വത്തേയും മഹത്വവല്ക്കരിക്കുന്ന ടി.വി. പരിപാടികളും അന്നുണ്ടായിരുന്നില്ല.

സൊദോമിലേതിനേക്കാൾ അനേകം ഇരട്ടി ഭീകരവും ക്രൂരവുമാണ് ഇന്നത്തെ തിന്മകൾ. ഇതിനെല്ലാം മദ്ധ്യത്തിൽ നിന്നു നമ്മെ രക്ഷിച്ച് ദൈവസഭയിൽ എത്തിച്ചത് മറ്റൊന്നുമല്ല യേശുക്രിസ്തുവിന്റെ നിത്യമായ കരുണ ഒന്നുമാത്രമാണ്.

മദ്യപാനം, മയക്കുമരുന്ന്, വേശ്യാവൃത്തി തുടങ്ങി തിന്മകളിൽ നിന്നു ദൈവം വലിച്ചെടുത്തു രക്ഷിച്ച് സഭയിലാക്കിയിരിക്കുന്ന അനേകരുണ്ട്. തങ്ങളിൽ എന്തെങ്കിലും നന്മയുള്ളതുകൊണ്ടല്ല മറിച്ച് അവിടുന്ന് കരുണയുള്ളവനാകയാൽ തങ്ങളെ രക്ഷിച്ചതാണെന്ന ബോധ്യം അവർക്കുണ്ട്..... "യഹോവ കരുണ ചെയ്കയാൽ...... കൈക്കു പിടിച്ച് പട്ടണത്തിന്റെ പുറത്തുകൊണ്ടുപോയി ആക്കി." (ഉല്പത്തി: 19:16)

സൊദോം കത്തിയെരിയുന്നത് പർവ്വതത്തിൽ സുരക്ഷിതനായിരുന്നു നോക്കിക്കാണുമ്പോൾ ലോത്തിന്റെ മനസ്സിലൂടെ എന്തെല്ലാമാവാം കടന്നു പോയിരിക്കുക? ഭാര്യയുടെയും മരുമക്കളുടെയും നാശത്തിൽ തീർച്ചയായും അവൻ വേദനിച്ചിരിക്കണം. എന്നാൽ താൻ പാർത്ത പട്ടണം അതിലെ ആയിരക്കണക്കിന് ആളുകളോടൊപ്പം കത്തിയമരുന്നതു നോക്കിയിരുന്നപ്പോൾ ലോത്തിന്റെ മനസ്സിൽ ആ ചോദ്യം വീണ്ടും വീണ്ടും ഉയർന്നു വന്നിരിക്കും. "കർത്താവേ എന്തുകൊണ്ട്? അവിടുന്ന് എന്തിനാണ് എന്നെ ഈ നാശത്തിൽ നിന്നു രക്ഷിച്ചത്?"

ഒരുപക്ഷേ നിങ്ങളും ഈ ചോദ്യം പലവട്ടം ചോദിച്ചിരിക്കാം. "എന്തുകൊണ്ടാണ് കർത്താവേ എന്നെ രക്ഷിച്ചത്? ഞാനും തെരുവിൽ അനാഥശവമായി വീഴേണ്ടതായിരുന്നു. ദൈവത്തെ നിഷേധിച്ച് സാത്താന്റെ പിടിയിൽപ്പെട്ട് ഉഴലുന്ന ആയിരങ്ങളെപ്പോലെ ഞാനും ആയിരിക്കേണ്ടതായിരുന്നു. മയക്കു മരുന്നിന്റെ പിടിയിൽപെട്ട് ബോധമില്ലാതെ എവിടെയെങ്കിലും കിടക്കേണ്ടവനായിരുന്നു. എന്നെ, സഭയിലുള്ള ഞങ്ങളെ, ഇതിൽ നിന്നെല്ലാം

**നിങ്ങളും എത്രവട്ടം ദൈവത്തെ ദുഃഖിപ്പിച്ചിട്ടുണ്ട്? എന്തെല്ലാം ദോഷകരമായ ചിന്തകളിൽ മനസ്സു വ്യാപരിപ്പിച്ചു? വാക്കുകൾകൊണ്ട് മറ്റുള്ളവരെ എത്ര പ്രാവശ്യം മുറിപ്പെടുത്തി! യേശുവിന്റെ സ്വഭാവത്തിനു ചേരാത്ത എത്രയോ കാര്യങ്ങൾ ചെയ്തു പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു! ഇതിനെല്ലാം എത്രയോവട്ടം നിങ്ങൾ ശിക്ഷിക്കപ്പെടാമായിരുന്നു. പകരം ദൈവം നിങ്ങളെ ആലിംഗനം ചെയ്ത് ആശ്വസിപ്പിക്കുകയും തന്റെ കരുണ വെളിപ്പെടുത്തുകയുമല്ലേ ചെയ്തത്?**

വീണ്ടെടുക്കുവാൻ എന്താണു കർത്താവേ കാരണം?"

ഞാൻ നിങ്ങളോടു പറയട്ടെ, ദൈവത്തിന്റെ കരുണ ഒന്നു മാത്രമാണ് നമ്മെ രക്ഷിച്ചത്. ദൈവം നമ്മോടു മനസ്സലിവുള്ളനാകയാൽ ഈ നാശത്തിന് വിധിക്കപ്പെട്ട സമൂഹത്തിൽനിന്നു നമ്മെ കൈക്കുപിടിച്ച് ഇറക്കി പുറത്തുകൊണ്ടുവന്നിരിക്കുന്നു. അവിടുത്തേക്ക് നമ്മോടു കരുണതോന്നി!

യിസ്രായേലിന്റെ ചരിത്രം നോക്കുക. ദൈവത്തിന്റെ കരുണ അവരെ നിരന്തരം പിന്തുടർന്നതു നാം കാണുന്നു. ആവർത്തനപുസ്തകം നാലാം അധ്യായത്തിൽ മോശെ യിസ്രായേൽ മക്കൾക്ക് അന്യദേവന്മാരുടെ വിഗ്രഹങ്ങളുണ്ടാക്കി അവയെ ആരാധിക്കരുതെന്നു മുന്നറിയിപ്പ് കൊടുക്കുന്നു. അങ്ങനെ ചെയ്താൽ ദൈവം അവരെ ശിക്ഷിക്കുമെന്നാണു മോശെ നൽകുന്ന താക്കീത്.

പക്ഷേ യിസ്രയേൽ പലപ്പോഴും ദൈവത്തെ മറന്ന് അന്യദേവന്മാരിലേക്കു തിരിഞ്ഞു. എങ്കിലും ദൈവം തന്റെ ജനത്തെ കൈവിട്ടില്ല. അവിടുന്ന് മനസ്സലിവോടെ അവരോടു കരുണയും സ്നേഹവും പ്രദർശിപ്പിക്കുന്നതു നമ്മെ അത്ഭുതപ്പെടുത്തും. "എങ്കിലും അവിടെ വച്ചു നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ അന്വേഷിക്കുകയും ചെയ്താൽ അവനെ കണ്ടെത്തും. നീ ക്ലേശത്തിലാകയും ഇവ ഒക്കെയും നിന്റെ മേൽ വരികയും ചെയ്യുമ്പോൾ നീ ഭാവികാലത്തു നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിഞ്ഞ് അവന്റെ വാക്ക് അനുസരിക്കും. നിന്റെ ദൈവമായ യഹോവ കരുണയുള്ള ദൈവമല്ലോ. അവൻ നിന്നെ ഉപേക്ഷിക്കയില്ല. നിന്റെ പിതാക്കന്മാരോട് സത്യം ചെയ്തിട്ടുള്ള തന്റെ നിയമം മറക്കയുമില്ല.'' (ആവർത്തനം 4:29-31)

എത്ര ആശ്ചര്യകരം! തന്റെ ജനം തന്നെ മറന്നെങ്കിലും ദൈവം അവരെ കൈവിട്ടില്ല. അവർക്കു ഭക്ഷണവും വസ്ത്രവും നൽകി അവിടുന്നു മരുഭൂമിയിൽ അവരോടൊപ്പം നടന്നു! ഇതാണ് കരുണ.

നിങ്ങളും എത്രവട്ടം ദൈവത്തെ ദുഃഖിപ്പിച്ചിട്ടുണ്ട്? എന്തെല്ലാം ദോഷകരമായ ചിന്തകളിൽ മനസ്സു വ്യാപരിപ്പിച്ചു? വാക്കുകൾകൊണ്ട് മറ്റുള്ളവരെ എത്ര പ്രാവശ്യം മുറിപ്പെടുത്തി! യേശുവിന്റെ സ്വഭാവത്തിനു

ചേരാത്ത എത്രയോ കാര്യങ്ങൾ ചെയ്തു പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു!

ഇതിനെല്ലാം എത്രയോവട്ടം നിങ്ങൾ ശിക്ഷിക്കപ്പെടാമായിരുന്നു. പകരം ദൈവം നിങ്ങളെ ആലിംഗനം ചെയ്ത് ആശ്വസിപ്പിക്കുകയും തന്റെ കരുണ വെളിപ്പെടുത്തുകയുമല്ലേ ചെയ്തത്? നിങ്ങളെ കൈവിട്ടില്ല. നശിപ്പിച്ചില്ല. നിങ്ങളോട് ആർദ്രത കാട്ടി. തന്നെ അനുസരിപ്പാൻ നിങ്ങളുടെ ഉള്ളിലും സ്നേഹം പകർന്നു.

നാം ഇന്നായിരിക്കുന്ന സ്ഥാനത്തിന് നാം അർഹരല്ല. തന്റെ വ്യക്തിപരമായ അർഹതകൊണ്ട് കരുണലഭിച്ചവർ ആരുമില്ല. സങ്കീർത്തനക്കാരനോടൊപ്പം നമുക്കും പറയാം. ''നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു''(സങ്കീ. 117:2) ''നീയോ കർത്താവേ കരുണയും കൃപയും നിറഞ്ഞ ദൈവമാകുന്നു. ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ തന്നേ.'' (സങ്കീ. 86:15)

ദൈവം നിങ്ങളോടു കരുണയും ദയയുമുള്ളവനാണെന്നും തോൽവികളെ ക്ഷമിക്കുന്നവനാണെന്നും അംഗീകരിക്കുന്നുവോ? എങ്കിൽ ഇവിടെ പ്രസക്തമായ മറ്റൊരു ചോദ്യം ഉണ്ട്. നിങ്ങൾ മറ്റുള്ളവരോട് കരുണയും ദയവും ക്ഷമയും ഉള്ള ക്രിസ്ത്യാനിയായി ഇരിക്കുന്നുവോ? 'നിങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ' (ലൂക്കോസ്. 6:36).... 'നീതിമാനോ കൃപാലുവായി ദാനം ചെയ്യുന്നു' (സങ്കീ. 37:21)

ഈയിടെ ഞങ്ങൾ സഭയിൽ പല ദിവസത്തെ നിരന്തരമായ പ്രാർത്ഥനായോഗങ്ങൾ നടത്തി. നഷ്ടപ്പെട്ടവരും, പാപികളും പിന്മാറ്റക്കാരുമായവരുടെ അടുത്തേക്ക് ഞങ്ങളെ നയിക്കണം എന്നതായിരുന്നു ആ പ്രാർത്ഥനയുടെ ഉദ്ദേശ്യം. പക്ഷേ പ്രാർത്ഥനയ്ക്കിടയിൽ പരിശുദ്ധാത്മാവ് എന്നോട് ഇടപെടുവാൻ തുടങ്ങി. ഞങ്ങളുടെ പ്രാർത്ഥനയുടെ ഊന്നൽ ശരിയാണോ എന്ന് എനിക്കു സംശയം തോന്നി. പുതുതായി സഭയിലേക്കു ദൈവം അയയ്ക്കുന്നവരെ കരുണയോടും ദയയോടും കൃപയോടും സ്വീകരിക്കുവാൻ ഞങ്ങൾ ഒരുക്കപ്പെട്ടിട്ടില്ലെങ്കിൽ പുതിയ ആളുകൾക്കായി പ്രാർത്ഥിക്കുന്നതിലെന്തർത്ഥമാണുള്ളത്? ഞങ്ങളിൽ കരുണയും ദയയും ഉണ്ടാകുവാനല്ലേ ആദ്യം പ്രാർത്ഥിക്കേണ്ടത്?

പുതുതായി രക്ഷിക്കപ്പെട്ട ക്രിസ്ത്യാനികൾ സഭയിലേക്ക് വരുമ്പോൾ കണ്ടാൽ അവർ വലിയ വിശുദ്ധരാണെന്നൊന്നും തോന്നുകയില്ല. മുടിവളർത്തിയ പുരുഷന്മാരും ഇറക്കം കുറഞ്ഞ വസ്ത്രം ധരിച്ച യുവതികളും സഭയിലേക്കു വരുമ്പോൾ "അടുത്ത തവണ മുടിവെട്ടിച്ചിട്ടേ വരാവൂ." "പോയി ശരിയായി വസ്ത്രം ധരിച്ചു വാ" എന്നൊക്കെ കരുണയില്ലാതെ അവരോട് എത്രയോ പേർ പറഞ്ഞേക്കാം.

ചെറുപ്പക്കാരനായ സുവിശേഷകനായിരിക്കുമ്പോൾ

ലോസ് ആഞ്ചലസിൽ 5000 പേരോട് ഞാൻ ഒരു ക്രൂസേഡിൽ പ്രസംഗിച്ചതോർക്കുന്നു. അതിൽ 2000 പേരെങ്കിലും ക്രിസ്ത്യാനികളായ ഹിപ്പികളായിരുന്നു. വീണ്ടും ജനനം പ്രാപിച്ച് ഹിപ്പി സംസ്കാരത്തിൽ നിന്നു പുറത്തു വന്നവർ. നീണ്ട മുടിയും അലസമായ വേഷവുമായി വന്ന നഗ്നപാദരായ ഇവർ

പ്രസംഗം കേൾക്കാൻ മുമ്പിൽ കൂട്ടമായി തിക്കിത്തിരക്കി ഇരിക്കുന്നുണ്ടായിരുന്നു.

ആ രാത്രി ഏറ്റവും പുതിയ കോട്ടും സൂട്ടും തിളങ്ങുന്ന ഷൂസും ധരിച്ച് 'മിടുക്കനാ'യാണ് ഞാൻ പ്രസംഗിക്കാൻ ചെന്നത്. സ്റ്റേജിൽ കയറിയ പാടെ ഈ കുട്ടികളെ ഞാൻ വിമർശിക്കാൻ തുടങ്ങി. "നിങ്ങളുടെ വേഷം ഭയങ്കരമായിരിക്കുന്നു. നാളെ രാത്രിയോഗത്തിനു മുടിയും വെട്ടിച്ച് ഡീസന്റായ വേഷവും ധരിച്ചുവേണം എല്ലാവരും വരാൻ!"

മീറ്റിംഗിനുശേഷം സ്റ്റേജിനു പിന്നിൽ ഈ യുവഹിപ്പി ക്രിസ്ത്യാനികളുടെ ഒരു സംഘം എന്നെ വന്നു കണ്ടു. അവരിലൊരാൾ പുതിയ ഫാഷനിലുള്ള എന്റെ കോട്ടിലൂടെ വിരലോടിച്ചുകൊണ്ട് പറഞ്ഞു ''എന്തു മനോഹരമായ സൂട്ട്.'' പിന്നെ എന്റെ നേരെ അവൻ പറഞ്ഞു. ''ബ്രദർ ഡേവിഡ്, ഇന്നു രാത്രി ഞങ്ങൾക്ക് യേശുവിനെ കാണാൻ കഴിഞ്ഞില്ല."

"എന്തുകൊണ്ട്?" ഞാൻ ചോദിച്ചു.

''നിങ്ങളുടെ ഈ ഡ്രസ്സ് തടസ്സമായി നിന്നു."

എന്റെ വേഷം തികച്ചും സാധാരണമായിട്ടാണ് എനിക്കു തോന്നിയിരുന്നത്. പക്ഷേ അതു വലിയ തിളങ്ങുന്ന വേഷമായിട്ടാണ് അവർക്ക് തോന്നിയത്.

ആ കുട്ടികൾ എന്നെ കളിയാക്കുകയായിരുന്നില്ല. അവർ ആത്മാർത്ഥമായിട്ടാണു പറഞ്ഞത്. അവർ പറയുമ്പോൾ കരയുന്നുണ്ടായിരുന്നു. "ഡേവിഡ്, നിങ്ങളൊരു ദൈവ മനുഷ്യനാണെന്നു ഞങ്ങൾക്കറിയാം. പക്ഷേ നിങ്ങൾക്കെന്തോ ഒരു കുറവുണ്ട്."

കരുണയുടെ കുറവാണ് എനിക്കുണ്ടായിരുന്നതെന്ന് ഇന്നെനിക്കറിയാം. പിന്നീടൊരിക്കലും ഇത്തരം കാര്യങ്ങൾ പറഞ്ഞ് ഞാൻ ആരേയും കുറ്റപ്പെടുത്തിയിട്ടില്ല. ദൈവം എന്നെ ഒരു പാഠം പഠിപ്പിച്ചു. അതെന്നും ഹൃദയത്തിൽ സൂക്ഷിക്കാൻ ഞാനാഗ്രഹിക്കുന്നു.

'കരുണകാണിക്കാത്തവന് കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും. കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു'. (യാക്കോബ് 2:13)

വിശുദ്ധരും നിർമലരുമായിരുന്നാൽ മതിയെന്നാണു പല ക്രിസ്ത്യാനികളുടെയും ധാരണ. ഉവ്വ്, അതു തന്നെയാണ് ആദ്യത്തെ പടി. പക്ഷേ യാക്കോബ് തുടർന്നു പറയുന്നു. "ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു" (യാക്കോബ് 3:17). അതേ. ഒന്നാമതു നിർമലരായിരിക്കണം. എന്നാൽ കരുണയും കൃപയും ദയയും നിർമലതയെ പിന്തുടരേണ്ടതുണ്ട്.

സഭയിൽ ആർക്കും ഒരു കുറ്റവും പറയാനില്ലാത്തവനായിരിക്കെത്തന്നെ ദയയും കരുണയുമില്ലാതെയിരിപ്പാൻ നിങ്ങൾക്കു കഴിയും. സത്യത്തിൽ സഭയിലുള്ളവരെക്കാളും ദയയും ശാന്തതയുമുള്ളവരെ ഇന്നു തെരുവിൽ കണ്ടെത്താൻ കഴിയും എന്നത് ക്രിസ്തുവിന്റെ ശരീരത്തിന് എത്രയോ അപമാനകരമാണ്!

ഒരു ക്രിസ്തീയ വനിത ഒരിക്കൽ തന്റെ ഭർത്താവിനോട് ഇങ്ങനെ പറയുന്നതു കേൾക്കുവാനിടയായി "പ്രിയപ്പെട്ടവനെ, ഞാൻ കൂടുതലൊന്നും ചോദിക്കുന്നില്ല. നിങ്ങളുടെ

കൂട്ടുകാരോടു പെരുമാറുന്നതു പോലെ ദയയോടെ എന്നോടും പെരുമാറിയാൽ മതി. അവരോടു സംസാരിക്കുന്നതുപോലെ എന്നോടും സംസാരിച്ചാലും. വീടിനു പുറത്തുള്ളവരോടു കരുണയോടെ പെരുമാറുന്നതുപോലെ എന്നോടും....'' കഷ്ടം! ക്രിസ്ത്യാനിയായ ഭർത്താവിനോട് ഒരു ഭാര്യയ്ക്ക് ഇങ്ങനെ ആവശ്യപ്പെടേണ്ടി വരുന്നല്ലോ!

ആത്മനിറവു പ്രാപിച്ചുവെന്നവകാശപ്പെടുന്ന വിശ്വാസികളിൽ ചിലരാണ് ഇന്ന് ഏറ്റവും മത്സരബുദ്ധിയുള്ളവരും മറ്റുള്ളവരോടു പുച്ഛത്തോടെ പെരുമാറുന്നവരും. കൃത്യമായി ദശാംശം കൊടുക്കുന്നവരും ഒരു മീറ്റിംഗുപോലും മുടക്കാത്തവരുമാണവർ. ലോക ദൃഷ്ടിയിൽ ഒരു കുറ്റവും പറയാനില്ലാത്തവർ. പക്ഷേ തങ്ങളോടു കരുണയോടെ പെരുമാറുന്നവരോടു മാത്രമേ അവരും കരുണയോടും കൃപയോടും പെരുമാറുകയുള്ളു. മറ്റുള്ളവരോടു ദയയോ സൗമ്യതയോ അവരിൽ കണികാണാൻ പോലുമില്ല. ഒരു സഹോദരനെയോ സഹോദരിയെയോ കുറ്റം പറയാനോ വിധിക്കാനോ അങ്ങനെ 'ക്രൂശിക്കാ'നോ അവർക്കൊരു മടിയുമില്ല.

തങ്ങളോടു ദൈവം കാട്ടിയ കരുണ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യാത്തവരാണ് മറ്റുള്ളവരെക്കുറിച്ചു ദയയില്ലാതെ സംസാരിക്കുകയും അവരെ വിധിക്കുകയും ചെയ്യുന്നത് എന്നതാണ് സത്യം.

പല ക്രിസ്ത്യാനികളും കർശനക്കാരും ക്ഷമിക്കാൻ കഴിയാത്തവരുമായിരിക്കുന്നതിന്റെ കാരണം എന്താണ്? തങ്ങൾ എത്ര പാപികളായിരുന്നുവെന്നതും തങ്ങളെ രക്ഷിച്ചത് ദൈവത്തിന്റെ എത്രയോ വലിയ ദയയായിരുന്നുവെന്നതും അവർ ഓർക്കുന്നില്ല എന്നതാണു കാരണം. തങ്ങളുടെ കടങ്ങളെ നിസ്സാരമായും മറ്റുള്ളവരുടെ കടങ്ങളെ പർവ്വതീകരിച്ചും കാണുന്നതും ഇതു മൂലമാണ്.

തന്റെ വലിയ കടം ഇളച്ചുകിട്ടിയിട്ടും കൂട്ടുകാരന്റെ ചെറിയ കടം ഇളച്ചുകൊടുക്കാൻ മനസ്സില്ലാഞ്ഞ ഒരുവനെക്കുറിച്ച് യേശു പറഞ്ഞ ഉപമ ഓർക്കുക. ഈ മനുഷ്യൻ ഇത്ര ദയയില്ലാതെ പെരുമാറിയതെന്തുകൊണ്ട്? തന്റെ അയോഗ്യതയും പാപവും അവൻ വേണ്ടവിധം ഗൗരവമായി കാണുകയോ അംഗീകരിക്കുകയോ ചെയ്തില്ല എന്നതുതന്നെ കാരണം.

ഞാൻ ഈ സന്ദേശം തയ്യാറാക്കികൊണ്ടിരുന്നപ്പോൾ കർത്താവ് എന്നോട് ഇടപെട്ടു. ''ഡേവിഡ്, നിന്റെ സന്ദേശം നീ മറന്നേക്കുക. മറ്റുള്ളവരെ വിധിക്കുന്ന നിന്റെ മനോഭാവത്തെപ്പറ്റിയും കരുണയില്ലാത്ത പെരുമാറ്റത്തെപ്പറ്റിയും എനിക്കു നിന്നോടുസംസാരിക്കുവാനുണ്ട്.''

ഞാൻ ഓർത്തു: ''ദൈവമേ എന്നോടോ? ഞാൻ അമേരിക്കയിലെ ഏറ്റവും കരുണയുള്ള പ്രസംഗകരിലൊരാളാണല്ലോ. '' പക്ഷേ ചെറുപ്പക്കാരോട് കർശനമായി സംസാരിച്ചിട്ടുള്ളത് ദൈവം എന്നെ ഓർമപ്പെടുത്തി. ക്രിസ്തീയ ജീവിതത്തിൽ വീണുപോയവരെക്കുറിച്ച് ഞാൻ കരുണയില്ലാതെ പറഞ്ഞ വാക്കുകളിലേക്ക് അവിടുന്ന് വെളിച്ചം വീശി.

ദൈവത്തിന്റെ ഇടപെടൽ എന്നെ തകർത്തു കളഞ്ഞു. ഞാൻ കരഞ്ഞു. ''കർത്താവേ ഞാൻ എന്തു

*(ശേഷം പേജ് 33 ൽ)*



തിരുവെഴുത്തുകളെ പരിശോധിക്കുക

*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# മരണത്തോളം വിശ്വസ്തത കാട്ടുന്ന വിശ്വാസം

**യി**സ്രായേൽ മക്കൾ മിസ്രയീമിൽ താമസിക്കാതെ ദൈവം വാഗ്ദാനം ചെയ്ത പ്രകാരം തിരികെ കനാനിലേക്കു പോകുമെന്നു വിശ്വാസത്താൽ യോസേഫ് പ്രവചിച്ചു(11:22).

11:23 ൽ മാതാപിതാക്കളുടെ വിശ്വാസത്തിന്റെ മറ്റൊരു ഉദാഹരണം നാം കാണുന്നു. മോശെയുടെ ജനനത്തിങ്കൽ മാതാപിതാക്കൾ ശിശുദിവ്യസുന്ദരനെന്നു കണ്ടു രാജകല്പന ഭയപ്പെടാതെ വിശ്വാസത്താൽ അവനെ ഒളിപ്പിച്ചു. നമുക്കും നമ്മുടെ കുഞ്ഞുങ്ങളെ ദൈവികപദ്ധതി നിറവേറ്റാനുള്ള ദിവ്യസുന്ദരന്മാരായി കാണാം. മോശെ വളർന്നു പ്രായപൂർത്തിയായപ്പോൾ മൂന്നു മഹത്തായ തീരുമാനങ്ങൾ എടുക്കുവാൻ തക്കവണ്ണം ആ മാതാപിതാക്കൾ അവന്റെ ഹൃദയത്തിൽ ആഴമായ വിശ്വാസം നിറച്ചിരുന്നു. ഒന്ന്: ഈ ലോകത്തിന്റെ ബഹുമാനം (ഫറവോന്റെ പുത്രിയുടെ മകൻ എന്ന ബഹുമതി) നിരസിച്ചു. രണ്ട്: പാപത്തിന്റെ സുഖഭോഗങ്ങൾ നിരസിച്ചു.



*നാം ഓടിയേ മതിയാവൂ. വീണാലും എഴുന്നേറ്റ് ഓട്ടം തുടരേണ്ടിയിരിക്കുന്നു. ഓട്ടക്കളത്തിൽ വീണിട്ട് എഴുന്നേറ്റോടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നിരവധി ഓട്ടക്കാരുണ്ട്.*

മൂന്ന് : ഈ ലോകത്തിന്റെ സമ്പത്ത് നിരസിച്ചു (11: 24–26). വിശ്വാസത്താൽ ജീവിക്കുന്ന ഒരു വ്യക്തിയെങ്കിൽ ഈ മൂന്നു കാര്യങ്ങൾ നിങ്ങളും നിരസിക്കും— ഈ ലോകത്തിൽനിന്നു ലഭിക്കുന്ന മാനവും പാപത്തിന്റെ സുഖഭോഗവും ലോകത്തിന്റെ ധനവും. അതിനുപകരം ക്രിസ്തുവിന്റെ നിന്ദയെ വലിയ ധനമായി മോശെ കരുതി. കാരണം ആ രാജാവ് ഒരുനാൾ വരുമെന്നു മോശെ പ്രത്യാശിച്ചു. നാമും ആ നിന്ദയെ സ്വീകരിക്കുന്നവരാകണം.

വിശ്വാസത്താൽ ചെയ്ത വലുതും അത്ഭുതകരങ്ങളുമായ ചില പ്രവൃത്തികളെക്കുറിച്ചു തുടർന്ന് ലേഖകൻ പറയുന്നു— ചെങ്കടൽ വിഭജിച്ചതും യെരീഹോ കോട്ട തകർത്തതുമൊക്കെ (11:29,30). ഇവിടെ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം ഊന്നിപ്പറയുന്നു. നാം ചെയ്യുന്ന ഏതു പ്രവൃത്തിയും സ്വന്തമായ വിശ്വാസത്തിൽനിന്നു വേണം ചെയ്‌വാൻ. ഒരിക്കലും മറ്റുള്ളവർ ചെയ്യുന്നതിന്റെ അനുകരണം പാടില്ല. ഇവിടെ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക: വിശ്വാസത്താൽ യിസ്രയേല്യർ ചെങ്കടൽ കടന്നു. മിസ്രയീമ്യർ അതു അനുകരിക്കുവാൻ നോക്കീട്ടു മുങ്ങിപ്പോയി (11:29)! രാഹാബ് എന്ന വേശ്യയ്ക്ക് താൻ കനാന്യസ്ത്രീയാണെങ്കിലും 'യിസ്രായേലിന്റെ ദൈവം തന്നെ കാക്കും' എന്ന വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് അവൾ ജീവൻ പണയപ്പെടുത്തി യിസ്രയേല്യ ഒറ്റുകാരെ ഒളിപ്പിച്ചു. ദൈവം അവളുടെ വിശ്വാസത്തെ മാനിച്ചു. നമുക്കും ഇപ്രകാരം ചിലപ്പോൾ ജീവൻ പണയപ്പെടുത്തേണ്ടി വന്നേക്കാം. തുടർന്ന് ഗിദെയോൻ, ബാരാക്ക്, ശിംശോൻ, യിപ്താഹ്, ദാവീദ്, ശമുവേൽ പ്രവാചകൻ എന്നിവർ വിശ്വാസത്താൽ രാജ്യങ്ങളെ കീഴടക്കി, സിംഹങ്ങളുടെ വായടച്ചു, തീയുടെ ശക്തിയെ കെടുത്തി, വാളിന്റെ മുമ്പിൽനിന്നും ഒഴിവായി, സൈന്യങ്ങളെ ഓടിച്ചു. ചില സ്ത്രീകൾക്കു തങ്ങളുടെ കുഞ്ഞുങ്ങളെ മരണത്തിൽനിന്നും തിരികെ ലഭിച്ചു (11:31–35).

ഇതൊക്കെ വിശ്വാസത്തിന്റെ ഒരു വശം മാത്രമാണ്— അത്ഭുതപ്രവൃത്തികൾക്കായുള്ള വിശ്വാസം. ഇതിനു മറ്റൊരു വശം കൂടിയുണ്ട്. ഇതിനോടു തുല്യമായ വിശ്വാസം ഉണ്ടായിട്ടും യാതൊരു അത്ഭുതത്തിന്റെ അനുഭവവും സ്വന്തജീവിതത്തിലുണ്ടായിട്ടില്ലാത്ത നിരവധി സ്ത്രീ പുരുഷന്മാർ ഉണ്ട്. അവരിൽ ചിലർ വിശ്വാസം ത്യജിച്ചു പറയാത്തതിനാൽ പീഡനവും മരണവും ഏറ്റുവാങ്ങി. അവർക്കുള്ള പ്രതിഫലം ക്രിസ്തുവിന്റെ മടങ്ങിവരവിൽ മാത്രമായിരിക്കും ലഭിക്കുക. ചില സ്ത്രീപുരുഷന്മാർ പരിഹാസവും നിന്ദയും പീഡനവും ചങ്ങലയും തടവും സഹിച്ചു. ചിലർക്കു കല്ലേറേറ്റു. മറ്റു ചിലർ ഈർച്ചവാളിനാൽ അറുക്കപ്പെട്ടു. കൊല്ലപ്പെട്ടു. (യെശയ്യാ പ്രവാചകൻ ഈർച്ചവാളിനാൽ അറുക്കപ്പെട്ടാണ് ജീവൻ വെടിഞ്ഞതെന്നു പാരമ്പര്യം). ചിലരെ വിശ്വാസം കാരണമായി കൊന്നു. മറ്റു ചിലരെ ജടയാടുകളുടെയും കോലാടുകളുടെയും തോൽ ധരിപ്പിച്ചു. ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു. മരുഭൂമിയിലും പാറപ്പിളർപ്പുകളിലും ഗുഹകളിലും ഭൂമിക്കിടയിലുള്ള ഗഹ്വരങ്ങളിലും അലഞ്ഞുഴന്നു നടന്നു. ആദ്യം പ്രസ്താവിച്ച അത്ഭുതങ്ങളും വിടുതലും അനുഭവിച്ചവരോടു തുല്യ

**ദാനിയേൽ സിംഹത്തിനു മുമ്പിൽ എറിയപ്പെട്ടെങ്കിലും സുരക്ഷിതനായി പുറത്തുവന്നു. അതേസമയം ആദിമക്രിസ്ത്യാനികളിൽ നിരവധിപ്പേരെ സിംഹത്തിനുമുമ്പിൽ എറിയുകയും സിംഹം അവരെ ഇരയാക്കുകയും ചെയ്തു. ആർക്കാണ് അധികം വിശ്വാസമുള്ളത്? മരണത്തിൽ നിന്നും രക്ഷപ്പെടുന്ന വിശ്വാസവും മരണത്തോളം വിശ്വസ്തത കാട്ടുന്ന വിശ്വാസവും– രണ്ടും ഒരു പോലെ തന്നെ. നാം സിംഹത്തിനിരയാകണമോ വേണ്ടയോ, ശിരച്ഛേദം ചെയ്യപ്പെടണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കുന്നതു ദൈവത്തിന്റെ അധികാരത്തിൽപ്പെട്ട കാര്യമാണ്.**

മായ വിശ്വാസം ഉള്ളവരായിരുന്നു ഇവരൊക്കെയും. ഇക്കാലത്തും ദൈവം തന്റെ മക്കൾക്കു വേണ്ടി ഒരുക്കിയിരിക്കുന്ന പദ്ധതികൾ വ്യത്യസ്തമാണ്. ചിലർക്ക് വലിയ നേട്ടങ്ങളും അത്ഭുതങ്ങളും നൽകുന്നു. മറ്റു ചിലർക്ക് തല്ലും തടവും വിശ്വാസത്തിനുവേണ്ടി പീഡനവും നൽകുന്നു. ജഡികരായവർ ആദ്യം പറഞ്ഞവരെ ഒടുവിൽ പറഞ്ഞവരെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണുന്നു. 'ലോകം തങ്ങൾക്കു യോഗ്യമല്ലാത്തത്' എന്നതിന്റെ അടിസ്ഥാനത്തിലാണു ദൈവം അവരെ കാണുന്നത്. എന്നാൽ ജഡികർ ഈ ലോകത്തിന് യോഗ്യരാണല്ലോ.

വിശ്വാസം എന്നാൽ കടലിനെ പിളർക്കുകയും സിംഹത്തിന്റെ വായടയ്ക്കുകയും ചെയ്യുന്നതു മാത്രമല്ല എന്നു നാം കണ്ടല്ലോ. ശിരച്ഛേദം ചെയ്യപ്പെടുമ്പോഴും സിംഹത്തിനു ഭക്ഷണമാകുമ്പോഴും ദൈവത്തോടുള്ള വിശ്വസ്തതയിലുറച്ചു നില്ക്കുകയും യേശു തന്നെ കർത്താവ് എന്ന് ഏറ്റു പറയുകയും ചെയ്യുന്നതും വിശ്വാസമാണ്. ഇവിടെ 11-ാം അദ്ധ്യായത്തിൽ വിശ്വാസത്തിന്റെ ഈ രണ്ടു തലങ്ങളും വിവരിക്കപ്പെട്ടിരിക്കുന്നു. നമുക്കു വേണ്ടി എന്താണു ദൈവം ഉദ്ദേശിച്ചിരിക്കുന്നതെന്ന കാര്യം നമുക്കു ദൈവത്തിനു വിടാം. ശദ്രക്ക്, മേശെക്ക്, അബേദ്നെഗോ എന്നിവർ തീയിലേക്ക് എറിയപ്പെട്ടെങ്കിലും തീയുടെ മണം പോലും ഏൽക്കാതെ പുറത്തുവന്നു. എന്നാൽ ആദിമ ക്രിസ്ത്യാനികളിൽ നിരവധി പേർ തങ്ങളുടെ പീഡകരാൽ അഗ്നിക്കിരയാക്കപ്പെട്ടു. ദാനിയേൽ സിംഹത്തിനു മുമ്പിൽ എറിയപ്പെട്ടെങ്കിലും സുരക്ഷിതനായി പുറത്തുവന്നു. അതേസമയം ആദിമക്രിസ്ത്യാനികളിൽ നിരവധിപ്പേരെ സിംഹത്തിനുമുമ്പിൽ എറിയുകയും സിംഹം അവരെ ഇരയാക്കുകയും ചെയ്തു. ആർക്കാണ് അധികം വിശ്വാസമുള്ളത്? മരണത്തിൽ നിന്നും രക്ഷപ്പെടുന്ന വിശ്വാസവും മരണത്തോളം വിശ്വസ്തത കാട്ടുന്ന വിശ്വാസവും– രണ്ടും ഒരു പോലെ തന്നെ. നാം സിംഹത്തിനിരയാകണമോ വേണ്ടയോ, ശിരച്ഛേദം ചെയ്യപ്പെടണമോ വേണ്ടയോ എന്ന കാര്യം തീരുമാനിക്കുന്നതു ദൈവത്തിന്റെ അധികാരത്തിൽപ്പെട്ട കാര്യമാണ്. ആദിമക്രിസ്ത്യാനികൾ ഈ തീരുമാനം ദൈവത്തിനു കൊടുത്തു. യാക്കോബ് അപ്പോസ്തലൻ ശിര

ച്ഛേദം ചെയ്യപ്പെട്ടു. പത്രോസ് രക്ഷപ്പെട്ടു (അ.പ്ര.12). രണ്ടുപേരും തുല്യമായ വിശ്വാസമുള്ളവരായിരുന്നു. എന്നാൽ ദൈവഹിതം രണ്ടുപേരെ സംബന്ധിച്ചും വ്യത്യസ്തമായിരുന്നു.

പഴയ ഉടമ്പടിയിലെ ഈ രണ്ടുകൂട്ടരും (വിജയികളും പൊരുതിനിന്നവരും) വിശ്വാസത്താലായിരുന്നു ദൈവത്തിന്റെ അംഗീകാരം പ്രാപിച്ചതെന്നു 11-ാം അദ്ധ്യായം പറയുന്നു. എന്നാൽ പുതിയ ഉടമ്പടിയിൽ അവർക്കു ലഭിച്ചതിനേക്കാൾ ഏറെ നല്ലതൊന്ന് നമുക്കുവേണ്ടി ദൈവം കരുതിയിരുന്നു എന്ന് പറഞ്ഞുകൊണ്ടാണ് 11-ാം അദ്ധ്യായം അവസാനിക്കുന്നത്. ''ഏറെ നല്ലത്'' എന്ന ഈ പ്രയോഗം എബ്രായലേഖനത്തിൽ ഒട്ടേറെ തവണ നമുക്കു കാണാൻ കഴിയും.

**നമ്മുടെ മാതൃകയായ യേശുവിനെ അനുഗമിക്കുക**

അദ്ധ്യായം 11-ൽ നാം കാണുന്ന ഹാബേൽ, മോശെ, ഹാനോക്ക് മുതലായ ആരെയുമല്ല നാം ഇന്ന് ഇവിടെ വിശ്വാസത്തിന്റെ മാതൃകയായി നോക്കുന്നത്. ഇവർക്കെല്ലാം ഉപരി യേശുവാണു നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം (12:2). നമ്മുടെ വിശ്വാസത്തിന്റെ രചയിതാവും അതിനെ പൂർത്തിയാക്കുന്നവനും അവിടുന്നാണ്. നാം അവങ്കലേക്കു നോക്കി ഈ ഓട്ടം ഓടുന്നു. നാം ഒരിക്കലും നിശ്ചലമായി നിൽക്കുന്നില്ല. വിശ്വാസത്തിന്റെ ഓട്ടത്തിൽ നമുക്കു നിശ്ചലമായി നില്ക്കുവാൻ കഴിയില്ല. സമയം വളരെ ഹ്രസ്വമാണ്. അതുകൊണ്ട് നാം ഓടിയേ മതിയാവൂ. വീണാലും എഴുന്നേറ്റ് ഓട്ടം തുടരേണ്ടിയിരിക്കുന്നു. ഓട്ടക്കളത്തിൽ വീണിട്ട് എഴുന്നേറ്റോടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നിരവധി ഓട്ടക്കാരുണ്ട്. അതുകൊണ്ട് കർത്താവിനോടു ചേർന്നുള്ള ഈ നടപ്പിൽ വീണുപോയെന്നു കരുതി ഒരിക്കലും മനസുമടുത്തുകൂടാ. വീണു കിടക്കരുത്. എഴുന്നേൽക്കുക, പാപം ഏറ്റുപറയുക, ഓടുക.

**ഒരു കള്ളം പറയേണ്ടിവരുമ്പോൾ "കള്ളം പറയുന്നതിനേക്കാൾ ഭേദം ഞാൻ മരിക്കുന്നതാണ്" എന്നു നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ നിങ്ങൾ ജയാളി ആയിത്തീരും. ഒരു നേരിയ ചതി ചെയ്ത് കുറച്ചുകൂടി ലാഭം ഉണ്ടാക്കാനായി പരീക്ഷിക്കപ്പെടുമ്പോൾ "അതിലുംഭേദം ഞാൻ മരിക്കുന്നതാണ്" എന്നു നിങ്ങൾ ചിന്തിക്കുന്നു എങ്കിൽ നിങ്ങൾ ജയാളി ആയിത്തീരും.**

ജീവിതാവസാനം വരെ ക്രൂശിനെ സഹിച്ച് ഓടിയ യേശുവിനെ നോക്കുക. ഒന്നിലധികം ശത്രുക്കൾ നിങ്ങൾക്കെതിരായി നില്ക്കുമ്പോൾ ഒട്ടേറെ ശത്രുക്കളെ നേരിട്ട യേശുവിനെ ധ്യാനിക്കുക (12:3). പാപത്തോടു പോരാടുന്നതിൽ യേശു ചെയ്തതുപോലെ രക്തം ഒഴുകുന്നിടത്തോളം നിങ്ങൾ എതിർത്തു നിന്നിട്ടില്ല (12:4). പാപത്തോടുമല്ലിട്ടു നിന്ന യേശുവിനെ നാം ഇവിടെ കാണുന്നു. "പാപം ചെയ്യുന്നതിനേക്കാൾ രക്തം ചിന്തി മരിക്കുന്നതാണു ഭേദം'' എന്നതായിരുന്നു യേശുവിന്റെ മനോഭാവം. ഇതേ

മനോഭാവമാണു നിങ്ങൾക്കുമുള്ള തെങ്കിൽ പാപം ചെയ്യുന്ന തിനെക്കാൾ മരിക്കുന്നതാണു നല്ല തെന്നു നിങ്ങൾ കരുതുകയും നിങ്ങൾ ജയാളികളാവുകയും ചെയ്യും. ഒരു കള്ളം പറയേണ്ടിവരു മ്പോൾ "കള്ളം പറയുന്നതിനേ ക്കാൾ ഭേദം ഞാൻ മരിക്കുന്നതാണ്" എന്നു നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ നിങ്ങൾ ജയാളി ആയിത്തീരും. ഒരു നേരിയ ചതി ചെയ്ത് കുറച്ചുകൂടി ലാഭം ഉണ്ടാക്കാനായി പരീക്ഷിക്ക പ്പെടുമ്പോൾ "അതിലുംഭേദം ഞാൻ മരിക്കുന്നതാണ്" എന്നു നിങ്ങൾ ചിന്തിക്കുന്നു എങ്കിൽ നിങ്ങൾ ജയാളി ആയിത്തീരും. സുന്ദരിയായ ഒരു പെൺകുട്ടിയോട് നിങ്ങൾക്ക് ആകർഷണം തോന്നുകയും അവളെ മോഹിക്കുകയും ചെയ്യു മ്പോൾ "അവളെ മോഹിക്കുന്ന തിലും ഭേദം ഞാൻ മരിക്കുന്നതാണ്" എന്നു നിങ്ങൾ പറയുമെങ്കിൽ നിങ്ങൾ ഒരു ജയാളിയായിത്തീരും. ഇതാണ് ജയാളിയുടെ ജീവിതരഹ സ്യം.

തുടർന്ന് നമ്മെ വിശുദ്ധീകരിക്കു വാൻ ദൈവം നൽകുന്ന ശിക്ഷണ ത്തെക്കുറിച്ച് ലേഖകൻ പറയുന്നു. നാം യേശുവിനെ നമ്മുടെ മാതൃക എന്ന നിലയിലും ദൈവത്തെ നമ്മെ ശിക്ഷണത്തിലൂടെ ശുദ്ധീകരിക്കുന്ന പിതാവ് എന്ന നിലയിലും കാണു ന്നു. നല്ല ഉദ്ദേശ്യത്തോടെ ശിക്ഷണം നടത്തുന്ന ഒരു പിതാവിനെ പോലെ നാം ദൈവത്തെ കാണുന്നു. ദൈവം നമ്മെ ശിക്ഷണത്തിലേക്കു നയിക്കു ന്നില്ലെങ്കിൽ അതിനർത്ഥം നാം അവിടുത്തെ മക്കളല്ല എന്നത്രെ. ശിക്ഷണത്തിലൂടെ കടന്നുപോകു മ്പോൾ സന്തോഷകരമായ അനുഭ വമായിരിക്കില്ല നമുക്കുണ്ടാവുക. എന്നാൽ അതിന്റെ ഫലമായി നാം വിശുദ്ധരായിത്തീരുന്നതു പിന്നീട് നമുക്കു കാണുവാൻ കഴിയും (12:4-11).

"എല്ലാ മനുഷ്യരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപി ക്കുക" എന്ന് 12:14-ൽ പറയുന്നു. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം ആരോടും ഒന്നിനുവേണ്ടിയും കലഹിക്കാറില്ല. നാം സമാധാനകാം ക്ഷികളാണെന്ന വസ്തുത അതിപ്ര ധാനമാണ്.

ആരും ഏശാവിനെപ്പോലെ ഭോഷ ന്മാരാകരുതെന്നു 12:16-ൽ പ്രബോധി പ്പിക്കുന്നു. അല്പമായ ഭൗതികലാഭ ത്തിനുവേണ്ടി ഏശാവ് തന്റെ ആത്മീയ ജ്യേഷ്ഠാവകാശം നഷ്ട പ്പെടുത്തി. ഭൗതികനേട്ടത്തിനു വേണ്ടി നിങ്ങളുടെ ബോദ്ധ്യങ്ങളെ നഷ്ടപ്പെടുത്തി നിങ്ങളുടെ നിത്യ മായ അവകാശത്തെ നഷ്ടമാക്കരു ത്. ഏശാവ് തന്റെ പ്രവൃത്തിയെക്കു റിച്ചു ഖേദപൂർവ്വം കണ്ണീരോടെ യാചി ച്ചിട്ടും നഷ്ടപ്പെട്ടത് തിരികെ ലഭിച്ചി ല്ല. അപ്രകാരം തന്നെ ക്രിസ്തു വിന്റെ ന്യായാസനത്തിൻ മുമ്പിൽ അനേകർ തങ്ങൾ കഴിഞ്ഞകാലത്ത് എടുത്ത തെറ്റായ തീരുമാന ങ്ങൾക്കും ഭോഷത്വമായ തെരഞ്ഞെ ടുപ്പുകൾക്കും കണ്ണീരോടെ അപേ ക്ഷിക്കും. അവർക്ക് പോയ നഷ്ട കാലം തിരിച്ചുപിടിക്കാനാവില്ലല്ലോ. അതുകൊണ്ട് ബുദ്ധിമാന്മാർ ആവു ക.

12:18-23-ൽ ലേഖകൻ പറയുന്നു. നാം ന്യായപ്രമാണം ലഭിച്ച സീനായ് മലയിലേക്കല്ലല്ലോ വന്നിരിക്കുന്നത്. സിയോൻ മലയിലേക്കാണ് (ദൈ വത്തിന്റെ സഭ) വന്നിരിക്കുന്നത്.

അതുകൊണ്ട് മോശെയും യിസ്രായേൽ മക്കളും ചെയ്തതുപോലെ പേടിച്ചുവിറച്ചു ജീവിക്കേണ്ട ആവശ്യമില്ല.

12:24-ൽ യേശുവിന്റെ രക്തത്തെ ഹാബേലിന്റെ രക്തത്തോടു താരതമ്യം ചെയ്തു കാണുന്നു. ഹാബേലിന്റെ രക്തം നീതിക്കുവേണ്ടി നിലവിളിച്ചു. യേശുവിന്റെ രക്തം കരുണയ്ക്കു വേണ്ടി അപേക്ഷിക്കുന്നു. ഹാബേലിനോടു കായീൻ ചെയ്തതുപോലെ ഒരാൾ നിങ്ങളെ ഉപദ്രവിച്ചാൽ നിങ്ങൾ ആ വ്യക്തിയുടെമേൽ ന്യായവിധിക്കുവേണ്ടി പ്രാർത്ഥിക്കും അല്ലെങ്കിൽ കരുണയ്ക്കുവേണ്ടി. എങ്ങനെ പ്രാർത്ഥിക്കുന്നു എന്നതു നിങ്ങൾ പുതിയ ഉടമ്പടിക്കു കീഴിലാണോ പഴയ ഉടമ്പടിക്കു കീഴിലാണോ എന്നതിനെ ആശ്രയിച്ചിരിക്കും. നിങ്ങൾ പഴയ ഉടമ്പടിക്കു കീഴിൽ ജീവിക്കുന്ന ഒരു വ്യക്തിയാണെന്നിരിക്കട്ടെ. എങ്കിൽ ആരെങ്കിലും നിങ്ങളെ ഉപദ്രവിച്ചാൽ നിങ്ങൾ ഹാബേലിനെപ്പോലെയും സങ്കീർത്തനങ്ങളിലെ ദാവീദിനെപ്പോലെയും "ദൈവമേ അവനെ ശിക്ഷിക്കേണമേ, എനിക്കുവേണ്ടി പ്രതികാരം ചെയ്യണമേ" എന്നു പ്രാർത്ഥിക്കും. എന്നാൽ നിങ്ങൾ യേശുവിന്റെ ശിഷ്യനെങ്കിൽ കരുണയോടെ "പിതാവേ, അവൻ ചെയ്യുന്നതെന്തെന്നറിയായ്കകൊണ്ടു അവനോടു ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിക്കും.

12:25-29-ൽ ദൈവം പണിയുന്ന ദൈവത്തിന്റെ രാജ്യത്തെക്കുറിച്ച് (സഭ) നാം വായിക്കുന്നു. അത് എന്നേക്കും നിലനില്ക്കും. മറ്റെല്ലാം ഇളകുകയും നശിച്ചുപോവുകയും ചെയ്യും. ദൈവത്തിൽ മാത്രമായിരിക്കട്ടെ നിങ്ങളുടെ ആശ്രയവും ധൈര്യവും. അങ്ങനെ വന്നാൽ നിങ്ങൾ നന്ദിയോടെ അവിടുത്തെ ശുശ്രൂഷിക്കും. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണെന്നു ലേഖകൻ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടു യിസ്രായേൽ മക്കൾ സീനായിയിൽ വച്ചു പേടിച്ചുവിറച്ചതുപോലെ പേടിച്ചല്ല മറിച്ച് യേശുവിനെപ്പോലെ ഭക്തിയാദരവോടെ ശുശ്രൂഷിക്കുക. (എബ്രാ. 5:7).

13-ാം അദ്ധ്യായത്തിൽ ചില പ്രബോധനങ്ങളോടെ ലേഖനം ഉപസംഹരിക്കുന്നു.

സഹോദരന്മാരെ സ്നേഹിക്കുക. വീട്ടിൽ വരുന്ന അതിഥികളോടു ആതിഥ്യമര്യാദ കാട്ടുക. രോഗികളോടും കഷ്ടത്തിൽ ആയിരിക്കുന്നവരോടും തടവിലുള്ള സഹവിശ്വാസികളോടും അനുകമ്പ കാട്ടുക. ധൈര്യപ്പെടുത്തുക. വിവാഹജീവിതത്തെ നിർമ്മലതയോടെ സൂക്ഷിക്കുക. വിവാഹ പങ്കാളിയെ വിട്ട് ആരുമായും ലൈംഗിക ബന്ധം പാടില്ല. അത്തരം ആളുകളെ ദൈവം ന്യായം വിധിക്കും (13:1-4).

ദൈവം നൽകിയിരിക്കുന്നതിൽ തൃപ്തരായിരിക്കുക (13:5). പണത്തിനു പിന്നാലെ ഓടരുത്. ദൈവം നിങ്ങളെ ഒരു നാളും കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ല. അതു ദൈവത്തിന്റെ വാഗ്ദാനമാണ്. നിങ്ങളുടെ ബാങ്കിൽ ഒരു വലിയ നിക്ഷേപം പോലെ തന്നിരിക്കുന്നതാണ് ആ വാഗ്ദാനം. ദൈവം എല്ലായ്പ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും. അതുപോരെ? മറ്റുള്ളവർക്കുള്ളതിനെ നോക്കുകയോ അത് ആഗ്രഹിക്കുകയോ ചെയ്യരുത്. ഒരു വലിയ വീടോ, വിശേഷപ്പെട്ട വസ്ത്രങ്ങളോ, കുറെ ഉപകരണങ്ങളോ, വലിയ ഒരു കാറോ ഒക്കെ

*(ശേഷം പേജ് 35 ൽ)*

ഒഴുക്കിനെതിരെ

# ജോൺ ഹൈഡ് എന്ന പ്രാർത്ഥനാപോരാളി



‘പ്രേയിംഗ് ഹൈഡ്’ എന്നറിയപ്പെടുന്ന ജോൺ ഹൈഡ് പ്രാർത്ഥനയുടെ അപ്പോസ്തലനായാണ് അറിയപ്പെടുന്നത്. ഒരു മിഷനറിയായി അമേരിക്കയിൽനിന്നും ഇന്ത്യയിലെത്തിയ അദ്ദേഹം തുടക്കത്തിൽ ഗ്രാമങ്ങൾ കയറിയിറങ്ങി സുവിശേഷമറിയിച്ചു. പിന്നീട് ഒരു ഉണർവ്വിനായുള്ള ഭാരം ദൈവം അദ്ദേഹത്തിന്റെ ഹൃദയത്തിൽ നൽകുകയും അതിനായി കണ്ണുനീരോടെയും ഹൃദയവേദനയോടെയും അദ്ദേഹം അനേകവർഷങ്ങൾ പ്രാർത്ഥനയിൽ പോരാടുകയും ചെയ്തു.

ഒരു യുവാവായിരുന്നപ്പോൾ തന്നെ മിഷനറിയാകാൻ ജോൺ തീരുമാനമെടുത്തു. സെമിനാരിയിൽ പഠിച്ചിരുന്ന അവസാന വർഷമാണ് അദ്ദേഹത്തെ പിടിച്ചുലച്ച മൂത്ത സഹോദരനായ എഡ്മണ്ടിന്റെ മരണം സംഭവിച്ചത്. തുടർന്ന് തന്റെ ജീവിതം എങ്ങനെ ചെലവഴിക്കണം എന്ന ഒരു ചിന്ത അദ്ദേഹത്തെ ഭരിച്ചു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. “കർത്താവേ... ഞാൻ എവിടേക്ക് പോകണമെന്ന് അങ്ങ് പറഞ്ഞാലും. ഞാൻ അത് അനുസരിക്കാൻ സന്നദ്ധനായിരിക്കും”. ഈ സമർപ്പണം ജീവിതത്തിൽ പ്രകടമായ ഒരു മാറ്റം കൊണ്ടുവന്നു. മറ്റുള്ള സാധാരണ മിഷനറിമാരിൽനിന്നു വ്യത്യസ്തനായ ഒരു യഥാർത്ഥ മിഷനറിയായി മറ്റുള്ളവരുടെ മുമ്പിൽ വേറിട്ടുനിൽക്കുവാൻ ജോൺ ആഗ്രഹിച്ചു. കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹത്തിന് ബിരുദം ലഭിച്ചു. സെമിനാരി പഠനവും പൂർത്തിയാക്കി.

പിന്നീട് ഇന്ത്യയിലേക്ക് മിഷനറിയായി പോകാൻ അദ്ദേഹം തീരുമാനിച്ചു. ഇന്ത്യയിലെ അറിയപ്പെടുന്ന ഒരു മിഷനറിയാകാൻ ഇന്ത്യൻ ഭാഷകളിൽ ഏതു വിധേനയും പാണ്ഡിത്യം നേടുമെന്ന് അദ്ദേഹം ഉറച്ചു. ‘ഒരു പ്രശസ്തനായ മിഷനറിയാകാൻ ഒന്നും ഒരു തടസ്സമായിത്തീരരുത്’ എന്ന തീവ്രമായ ആഗ്രഹമായിരുന്നു ഈ തീരുമാനത്തിന് പിന്നിൽ. മിഷനറിയായാലും പ്രശസ്തിയാർജ്ജിക്കുക എന്ന താല്പര്യമായിരുന്നു ഏറ്റവും മുന്നിൽ നിന്നിരുന്നത്. വാസ്തവത്തിൽ ഈ ആഗ്രഹത്തിന്റെ പിന്നിലെ യഥാർത്ഥ മനോഭാവം തന്റെ സ്വയത്തെ തൃപ്തിപ്പെടുത്തുന്നതായിരുന്നു. ജോൺ കർത്താവിനെ സ്നേഹിച്ചു. അവനായി വേല ചെയ്യാനാഗ്രഹിച്ചു. എന്നാൽ ആഴത്തിൽ സ്വയമായിരുന്നു ഈ ആഗ്ര

ഹത്തിന്റെ അടിസ്ഥാനം. എന്നാൽ ജോൺ ഹൈഡ് അതു തിരിച്ചറിഞ്ഞില്ല.
ഒടുവിൽ ജോൺ ഇന്ത്യയിലേക്ക് മിഷനറി യാത്ര ആരംഭിക്കുന്ന സുദിനം വന്നുചേർന്നു. ന്യൂയോർക്കിൽനിന്നുമുള്ള കപ്പൽ യാത്ര തുടങ്ങുന്നതിനുമുമ്പ് ജോണിനെ യാത്രയാക്കാൻ അദ്ദേഹത്തിന്റെ പിതാവിന്റെ സ്നേഹിതനും എത്തിയിരുന്നു. പിതാവിന്റെ സ്നേഹിതൻ ഒരു മിഷനറിയാകാൻ ഒരിക്കൽ വളരെ ആഗ്രഹിച്ചതാണ്. എന്നാൽ അദ്ദേഹത്തിന്റെ ആഗ്രഹം ഒരിക്കലും പൂവണിഞ്ഞില്ല. ഇപ്പോഴാകട്ടെ അദ്ദേഹത്തിന്റെ പ്രിയ സുഹൃത്തിന്റെ മകൻ ആ യത്നം ഏറ്റെടുത്തിരിക്കുന്നു. അദ്ദേഹം വളരെയധികം സന്തോഷിച്ചു. ജോണും അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചിരുന്നു. യാത്ര പറഞ്ഞ ശേഷം അദ്ദേഹം ജോണിന് ഒരു കുറിപ്പ് കൈമാറി. കപ്പൽ മുന്നോട്ട് നീങ്ങി തുടങ്ങിയപ്പോൾ ജോൺ തന്റെ ക്യാബിനിലിരുന്ന് ആ കുറിപ്പെടുത്ത് ഇങ്ങനെ വായിച്ചു. "പ്രിയപ്പെട്ട ജോൺ, നീ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതുവരെ ഞാൻ നിനക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കും." ഇതായിരുന്നു ആ കുറിപ്പിൽ എഴുതിയിരുന്നത്. കുറിപ്പ് വായിച്ച ജോണിന് ഒരടിയേറ്റപോലെ തോന്നി. ആ വാക്കുകൾ തന്റെ മിഷനറിയാകാനുള്ള യോഗ്യതയെ ചോദ്യംചെയ്യുന്നതായി അദ്ദേഹത്തിനനുഭവപ്പെട്ടു. അദ്ദേഹത്തിന് അമർഷം തോന്നി. ജോൺ ആ കുറിപ്പ് ചുരുട്ടി ക്യാബിന്റെ മൂലയിലേക്കെറിഞ്ഞു. അദ്ദേഹം എഴുന്നേറ്റ് കപ്പലിന്റെ മുകൾത്തട്ടിലേക്ക് പോയി. "ഒരു യഥാർത്ഥ മിഷനറിയായി



**ജോൺ ഹൈഡ്**
*ഇന്ത്യയെ സ്നേഹിച്ച പ്രാർത്ഥനയുടെ അപ്പോസ്തലൻ*

പ്രവർത്തിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. എന്നിട്ടും എനിക്ക് പരിശുദ്ധാത്മാവിന്റെ നിറവില്ലെന്ന് അദ്ദേഹം കരുതാൻ പാടില്ലായിരുന്നു:'' ജോൺ സ്വയം പറഞ്ഞു. അദ്ദേഹം അസ്വസ്ഥനായി കപ്പലിന്റെ മുകൾത്തട്ടിലേക്കും താഴേക്കും പലവട്ടം കയറിയിറങ്ങി. ഇതേസമയം ജോണിന്റെ ഹൃദയത്തിൽ ഒരു മൽപ്പിടിത്തം നടക്കുന്നത് അദ്ദേഹത്തിന് അനുഭവപ്പെടുന്നുണ്ടായിരുന്നു. കാരണം ആ കുറിപ്പെഴുതിയ വ്യക്തിയെ ജോൺ സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ പവിത്രമായ ജീവിതം ജോണിനെ വെല്ലുവിളിച്ചിരുന്നു. പിന്നീട് ചിന്തിച്ചപ്പോൾ ആ കുറിപ്പിൽ എഴുതിയിരിക്കുന്നത് സത്യമാണെന്ന് പകൽപോലെ ജോണിന് ബോധ്യമായി. ഒരു യഥാർത്ഥ മിഷനറിയാകാൻ വേണ്ട പ്രാഗത്ഭ്യം തനിക്ക് ഇതുവരെയും ലഭ്യമായിട്ടില്ല എന്നദ്ദേഹം തിരിച്ചറിഞ്ഞു.
ജോൺ തന്റെ ക്യാബിനിലേക്ക് മട

**യുവാവായ മിഷനറിയായിരിക്കെ പുറമേ കാണത്തക്ക വിധത്തിൽ തിടുക്കത്തിൽ കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് ഒരു വ്യഗ്രതയുമുണ്ടായിരുന്നില്ല. പകരം അദ്ദേഹം ശാന്തനും താഴ്മയുള്ളവനുമായി കാണപ്പെട്ടു. അദ്ദേഹം വളരെ കുറച്ചുമാത്രമേ സംസാരിച്ചിരുന്നുള്ളൂ. ആരെങ്കിലും അദ്ദേഹത്തോട് ചോദ്യങ്ങൾ ചോദിക്കുകയോ അദ്ദേഹത്തെക്കുറിച്ച് മോശം പരാമർശം നടത്തുകയോ ചെയ്താൽ പോലും അത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടതായി തോന്നുമായിരുന്നില്ല.**

ങ്ങിപ്പോയി താൻ ചുരുട്ടിയെറിഞ്ഞ കുറിപ്പ് വീണ്ടുമെടുത്ത് വായിച്ചു. ജോൺ അസ്വസ്ഥനായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായ ബോധ്യം കൂടുതൽ വ്യക്തമായിക്കൊണ്ടിരുന്നു. മൂന്നു നാല് ദിവസങ്ങൾ ഈ പിരിമുറുക്കം അനുഭവിച്ചുകൊണ്ട് അദ്ദേഹം ഒരു വിധത്തിൽ കഴിച്ചുകൂട്ടി. ഒടുവിൽ ഈ പ്രതിസന്ധിയിൽ നിന്നും ഒരു വിധത്തിലും മോചനമില്ല എന്ന അവസ്ഥയിൽ അദ്ദേഹം എത്തിച്ചേർന്നു. ഈ അനുഭവത്തെ പരാമർശിച്ച് അദ്ദേഹം പിന്നീട് ഇങ്ങനെ പറഞ്ഞു: "എന്റെ പിതാവിന്റെ സ്നേഹിതനായ ആ മനുഷ്യന്റെ പ്രാർത്ഥനയ്ക്ക് കർത്താവ് മറുപടി നൽകിയ സമയമായിരുന്നു അത്. എനിക്കായി അപേക്ഷിച്ച പ്രാർത്ഥനയിൽ അദ്ദേഹം വിജയം അവകാശമാക്കിയിട്ടുണ്ടായിരുന്നു." അവസാനം ജോൺ കർത്താവിനോട് തന്നെ പരിശുദ്ധാത്മാവിൽ നിറയ്ക്കാനായി അപേക്ഷിച്ചു. ജോൺ പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ തന്നെ കാർമേഘം പോലെ തന്റെ ഹൃദയത്തിലുണ്ടായിരുന്ന നിരാശ മാറിപ്പോകുന്നത് അദ്ദേഹത്തിന് അനുഭവപ്പെട്ടു. മിഷനറിയാകാനുള്ള തന്റെ ആഗ്രഹം എത്രമാത്രം സ്വാർത്ഥത നിറഞ്ഞതാണെന്ന് അദ്ദേഹത്തിന് കാണാൻ കഴിഞ്ഞു. ഇന്ത്യയിലേക്കുള്ള യാത്രയിലുടനീളം ഈ വടംവലി അദ്ദേഹത്തിന്റെ ഹൃദയത്തിൽ തുടർന്നുകൊണ്ടേയിരുന്നു. ഒടുവിൽ എന്തു വില കൊടുക്കേണ്ടിവന്നാലും ഇന്ത്യയിലേക്കുള്ള യാത്ര അവസാനിക്കും മുമ്പു പരിശുദ്ധാത്മാവിൽ നിറയപ്പെടാനായി അദ്ദേഹം ദൈവമുമ്പാകെ സമർപ്പിച്ചു.

പരിശുദ്ധാത്മാവിൽ നിറയപ്പെടാനായി സ്വയം സമർപ്പിച്ചു കൊടുത്ത ജോണിന്റെ മുന്നിൽ ആദ്യമായി വന്ന ചോദ്യം ഇതായിരുന്നു: വളരെ പ്രധാനപ്പെട്ടതായി താൻ കണക്കാക്കിയ ഇന്ത്യൻ ഭാഷകളിലെ പ്രാഗത്ഭ്യം തെളിയിക്കുന്നതിനുള്ള പരീക്ഷകളിൽ പരാജയപ്പെടാൻ തയ്യാറാണോ? തുടർന്ന് മറ്റൊരു ചോദ്യവും അദ്ദേഹത്തിന്റെ മുന്നിൽ വന്നു. പ്രശസ്തനായ ഒരു മിഷനറിക്ക് പകരമായി ആരും അറിയപ്പെടാത്ത ഒരു മിഷനറിയായി പ്രവർത്തിക്കാൻ താൻ ഒരുക്കമാണോ? ഇതിനെല്ലാം ഉത്തരമായി ഉപാധികളില്ലാത്ത ഒരു സമർപ്പണമായിരുന്നു ജോണിൽനിന്നുമുണ്ടായത്. പിന്നീടുള്ള ജോണിന്റെ ജീവിതം ഈ സമർപ്പണത്തിലൂന്നിയതായിരുന്നു.

പ്രെസ്ബിറ്റേറിയൻ സഭയിലെ

ശുശ്രൂഷകനായിരുന്നു ജോണിന്റെ പിതാവായ സ്മിത്ത് ഹൈഡ്. സമർപ്പിതയും ദൈവഭക്തയുമായിരുന്നു ജോണിന്റെ മാതാവ്. ഇവരുടെ ആറു മക്കളിൽ ഒരുവനായി 1865 നവംബറിൽ അമേരിക്കയിലെ ഇല്ലിനോയിസ്സിൽ ജോൺ ഹൈഡ് ജനിച്ചു. 'സുവിശേഷവയലിലെ കൊയ്ത്തിലേക്ക് വേലക്കാരെ അയക്കണമേ' എന്ന നിരന്തരമായ പ്രാർത്ഥന ജോണിന്റെ മാതാപിതാക്കൾ വീട്ടിലും സഭയിലും പുലർത്തിപോന്നു. അവരുടെ പ്രാർത്ഥനയുടെ മറുപടിയായി തങ്ങളുടെ മക്കളിൽ മൂന്ന് പേരെ ദൈവം തന്റെ ശുശ്രൂഷയിലേക്ക് വിളിച്ചു. അവരിൽ ഒരുവനായിരുന്നു ജോൺ.

ഇന്ത്യയിലെത്തിയ ജോണിന് ഒരു മിഷനറിക്കു വേണ്ടതായ ഗുണങ്ങൾ ഒന്നുംതന്നെയില്ല എന്ന തോന്നലുളവാക്കുന്ന മട്ടിലായിരുന്നു തുടക്കത്തിലെ അദ്ദേഹത്തിന്റെ പെരുമാറ്റ രീതികൾ. യുവാവായ മിഷനറിയായിരിക്കെ പുറമേ കാണത്തക്ക വിധത്തിൽ തിടുക്കത്തിൽ കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് ഒരു വ്യഗ്രതയുമുണ്ടായിരുന്നില്ല. പകരം അദ്ദേഹം ശാന്തനും താഴ്മയുള്ളവനുമായി കാണപ്പെട്ടു. അദ്ദേഹം വളരെ കുറച്ചുമാത്രമേ സംസാരിച്ചിരുന്നുള്ളൂ. ആരെങ്കിലും അദ്ദേഹത്തോട് ചോദ്യങ്ങൾ ചോദിക്കുകയോ അദ്ദേഹത്തെക്കുറിച്ച് മോശം പരാമർശം നടത്തുകയോ ചെയ്താൽ പോലും അത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടതായി തോന്നുമായിരുന്നില്ല. പലപ്പോഴും കേട്ട ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിന് തന്നെ സാധാരണമായതിൽ കവിഞ്ഞ സമയം അദ്ദേഹത്തിന് ആവശ്യമായിവന്നു. ജോണിന് അൽപം കേൾവിക്കുറവുണ്ടായിരുന്നു. ബാഹ്യമായി പ്രകടമായിരുന്ന അദ്ദേഹത്തിന്റെ ഏക സവിശേഷത മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന തിളങ്ങുന്ന കണ്ണുകൾ അദ്ദേഹത്തിനുണ്ടായിരുന്നു എന്നതു മാത്രമായിരുന്നു.

തുടക്കത്തിൽ മിഷൻ ബോർഡിൽ നിന്നും അദ്ദേഹത്തിന് താക്കീതും ലഭിച്ചു. താക്കീതിനു കാരണം അദ്ദേഹം ബൈബിൾ പഠനത്തിനായി കൂടുതൽ സമയം ചെലവഴിക്കുന്നതുകൊണ്ട് ഭാഷാ പഠനം വൈകുന്നു എന്നതായിരുന്നു. എന്നാൽ ഭാഷകൾ പഠിക്കാനായുള്ള നിർബന്ധത്തിന് അദ്ദേഹം മേലധികാരികൾക്ക് ഇപ്രകാരം മറുപടി നൽകി. ''പ്രഥമസ്ഥാനം ഏറ്റവും പ്രാധാന്യമായതിന്. ബൈബിൾ പഠിപ്പിക്കാനായി വന്നിരിക്കുന്ന എനിക്ക് ബൈബിൾ പഠിക്കാതെ അതു മറ്റുള്ളവർക്ക് എങ്ങനെ പറഞ്ഞുകൊടുക്കാനാകും?'' അദ്ദേഹത്തിന്റെ ഈ ചോദ്യത്തിന് യുക്തമായ ഒരുത്തരവും കാണാതിരുന്ന മിഷൻ ബോർഡിലെ അംഗങ്ങൾ അദ്ദേഹത്തിനെതിരെ എന്തെങ്കിലും നടപടിയെടുക്കാനും തുനിഞ്ഞില്ല.

ഭാഷാപഠനത്തേക്കാളുപരി ദൈവവചനത്തിന് വിലകൽപ്പിച്ച അദ്ദേഹത്തിന് പരിശുദ്ധാത്മാവ് തിരുവചന സത്യങ്ങളുടെ ആഴം വെളിപ്പെടുത്തി നൽകി. അദ്ദേഹം പ്രസംഗിച്ച തിരുവചന സത്യങ്ങൾ കേട്ടവർ അത്ഭുതസ്തബ്ധരായി. പിന്നീട് ഉർദ്ദു, പഞ്ചാബി എന്നീ ഭാഷകളിലും അദ്ദേഹം പ്രാവീണ്യം നേടി.

(അടുത്ത ലക്കത്തിൽ: ഇന്ത്യയിലെ ആദ്യവർഷങ്ങൾ)

**നോബിൾ മാത്യു**

❖

# ഭയപ്പെടരുത് വിശ്വസിക്കുക....

*(പേജ് 10 ൽ നിന്ന് തുടർച്ച...)*

വിശ്വാസവീരൻമാരായ ആളുകൾ ഇപ്പോൾത്തന്നെ എല്ലാറ്റിനുവേണ്ടിയും ദൈവത്തെ സ്തുതിക്കും. വിശ്വാസമില്ലാത്തവരാകട്ടെ, തങ്ങൾക്കു സകലവും നന്മയ്ക്കായി കൂടിച്ചേർന്നു വ്യാപരിച്ചുവെന്ന കാര്യം നിത്യതയിൽ മനസ്സിലാക്കുമ്പോൾ മാത്രം ദൈവത്തെ സ്തുതിക്കും. മിസ്രയീമ്യ സൈന്യങ്ങൾ ചെങ്കടലിൽ മുങ്ങിപ്പോയതു കണ്ടശേഷം മാത്രം യിസ്രയേൽക്കാർ ദൈവത്തിൽ വിശ്വസിക്കയും അവിടുത്തേക്കു സ്തുതി പാടാനാരംഭിക്കുകയും ചെയ്തതായി സങ്കീർത്തനം 106:11,12 വാക്യങ്ങൾ പ്രസ്താവിക്കുന്നു. എന്നാൽ വിശ്വാസവീരനായ ഒരു മനുഷ്യനാകട്ടെ, തന്റെ ശത്രുക്കൾ മുങ്ങിപ്പോകുന്നതിനു മുമ്പു തന്നെ ദൈവത്തിനു സ്തുതിഗാനം മുഴക്കും. ദൈവം നമ്മുടെ ശത്രുക്കളുടെ മുമ്പിൽവച്ചു തന്നെ നമ്മുടെ മേശ ഒരുക്കുന്നു. ആ മേശമേൽ അവനുമായി നമുക്കു കൂട്ടായ്മ ആചരിക്കാം. ശത്രുക്കൾ അവിടെ നമ്മുടെ കൺമുമ്പിൽത്തന്നെ ഉണ്ട്. എങ്കിലും അവരുടെ സാന്നിധ്യത്തിൽത്തന്നെ നാം കർത്താവുമൊന്നിച്ച് അത്താഴം കഴിക്കുന്നു. അതിനായി നാം അവനു സ്തുതി പാടുകയും ചെയ്യുന്നു. നാം ഹൃദയംകൊണ്ടു വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നപക്ഷം നമുക്കു നിരന്തരമായി പ്രാപിക്കാവുന്ന ഉന്നതാനുഭവം ഇതത്രേ. ഇതിൽ നമുക്ക് എപ്പോഴും തുടരുകയും ചെയ്യാം.

ഒരുദാഹരണം പറയാം. കുഞ്ഞുങ്ങളെ വേണ്ടവിധം വളർത്തിക്കൊണ്ടുവരാനോ പ്രശ്നം സൃഷ്ടിക്കുന്ന ഒരു വിവാഹപങ്കാളിയോടൊപ്പം ജീവിക്കാനോ നമുക്ക് ജ്ഞാനം കുറവാണെങ്കിൽ, അപ്രകാരമുള്ള ജ്ഞാനത്തിനായി നമുക്കു ദൈവത്തോടപേക്ഷിക്കാം. അതോടൊപ്പം തന്നെ നമുക്കു ദൈവമതു നൽകുമെന്നു വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യാം (യാക്കോബ് 1:5). അങ്ങനെ ചെയ്താൽ അത് നമുക്ക് ലഭിക്കും. നേരേമറിച്ച് അത് ലഭിക്കുമോ എന്ന സംശയത്തോടെ നാം അപേക്ഷിക്കുന്നപക്ഷം എന്താണു സംഭവിക്കുക? ഇവിടെ ദൈവവചനം വളരെ വ്യക്തമാണ്: "ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്"(യാക്കോബ് 1:7)

"ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല; ഉപേക്ഷിക്കുകയുമില്ല" (എബ്രാ.13:5) എന്നു ദൈവം അരുളിച്ചെയ്തിട്ടുണ്ട്. ഈ വചനം നമുക്ക് എപ്പോഴും വിശ്വാസത്തോടുകൂടി ഏറ്റുപറയാം. "കർത്താവ് എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോട് എന്തു ചെയ്യും" എന്നു ധൈര്യപൂർവ്വം ഏറ്റുപറയുവാൻ ദൈവവചനം നമ്മോട് ഉപദേശിക്കുന്നു (എബ്രാ.13:6). നാം ഏറ്റുപറയേണ്ട വിശ്വാസ വചനം ഇതു തന്നെ.

നാം വീണുപോയിട്ടുണ്ടെങ്കിൽ നമുക്ക് സാത്താനോട്: "എന്റെ ശത്രുവേ, എന്നെച്ചൊല്ലി സന്തോഷി

# കരുണ ലഭിച്ചതിനാൽ കരുണകാട്ടുക

*(പേജ് 21 ൽ നിന്ന് തുടർച്ച...)*

കൊണ്ടിങ്ങനെ പെരുമാറി?" ഞാൻ ചോദിച്ചു. ദൈവം നൽകിയ മറുപടി ഇതായിരുന്നു. "ഞാൻ നിനക്കു ചെയ്തത്, നിന്നോട് കാണിച്ച കൃപ നീ പാടെ മറന്നുപോയി. നിന്നെ നശിപ്പിച്ചു കളയാവുന്ന പലതിൽ നിന്നും ഞാൻ എത്രയോവട്ടം നിന്നെ വലിച്ചെടുത്തു രക്ഷിച്ചു. എന്റെ കൃപ ഇല്ലായിരുന്നുവെങ്കിൽ നീ ഇവിടെ കാണുമായിരുന്നോ?"

പ്രിയരേ, മറ്റുള്ളവരെ വിധിക്കുന്നതിനു മുമ്പ് നാം ഒരു കാലത്ത് ആയിരുന്ന നാശകരമായ കുഴിയിലേക്കു തിരിഞ്ഞു നോക്കണം. അപ്പോൾ നമുക്ക് പറയുവാൻ കഴിയും. "ദൈവമേ, എനിക്കുവേണ്ടി അങ്ങെന്താണു ചെയ്തതെന്നു ഞാൻ മനസ്സിലാക്കുന്നു. എന്റെ സഹോദരനുവേണ്ടിയും അങ്ങേയ്ക്കതു ചെയ്യുവാൻ കഴിയുമല്ലോ. ഒരിക്കൽ ഞാനും അങ്ങയുടെ ദൃഷ്ടിയിൽ ഇതുപോലെ കുറ്റക്കാരനായിരുന്നു. ആ എനിക്ക് ഇപ്പോൾ എന്റെ സഹോദരനെ എങ്ങനെ വിധിപ്പാൻ കഴിയും? അവിടുന്ന് എന്നോട് കാണിച്ച കരുണയെ മറന്ന് സഹോദരനോടു പെരുമാറുവാൻ എനിക്കു ഇടയാകരുതേ...."

119-ാം സങ്കീർത്തനത്തിൽ ശ്രദ്ധേയമായ ഒരു വാക്യമുണ്ട്. "അടിയനോടുള്ള നിന്റെ വാഗ്ദാനപ്രകാരം നിന്റെ ദയ എന്റെ ആശ്വാസത്തിനായി ഭവിക്കുമാറാകട്ടെ." (സങ്കീ. 119:76)

ഈ വാക്യത്തിന്റെ അർത്ഥം ഇതാണ്. "കർത്താവേ അവിടുത്തെ വചനം എന്നോട് ആവശ്യപ്പെടുന്നത് അവിടുന്ന് എന്നോടു കൃപയും കരുണയും ഉള്ളവനാണെന്ന സത്യത്തിൽ നിന്ന് ഞാൻ ആശ്വാസം പ്രാപിക്കണം എന്നാണല്ലോ."

അതേ ദൈവം നമ്മോടു കാട്ടിയ വലിയ കരുണയിൽ നിന്ന് ആശ്വാസം കൈക്കൊണ്ടെങ്കിൽ മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കുന്ന മനസ്സലിവു കാണിപ്പാൻ നമുക്കു കഴിയുകയുള്ളൂ. ദൈവത്തിന്റെ കരുണയിൽ വസിച്ചാൽ കരുണയുള്ളവരായിരിപ്പാൻ നമുക്ക് സാധിക്കും.

മറ്റുള്ളവരോട് കരുണ കാണിക്കുന്ന ഓരോ സന്ദർഭത്തിലും നിങ്ങൾ ആശ്വാസമാണു നൽകുന്നത്.

---

ക്കരുത്; വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്കു വെളിച്ചമായിരിക്കുന്നു" എന്ന് ഏറ്റുപറയാം (മീഖാ. 7:8). ഇപ്രകാരമുള്ള വിശ്വാസത്തിന്റെ വാക്കുകൾ ഏറ്റുപറഞ്ഞുകൊണ്ടുതന്നെ നമുക്കു ജീവിക്കാം. മീഖ തുടർന്ന് ഇപ്രകാരം പറയുന്നു: "എന്റെ ശത്രു അതു കാണും; നിന്റെ ദൈവമായ യഹോവ എവിടെ എന്ന് എന്നോടു പറഞ്ഞവളെ ലജ്ജ മൂടും; എന്റെ കണ്ണ് അവളെ കണ്ടു രസിക്കും; അന്ന് അവളെ വീഥികളിലെ ചെളിപോലെ ചവിട്ടിക്കളയും" (മീഖാ. 7:10).

"സമാധാനത്തിന്റെ ദൈവമോ, വേഗത്തിൽ സാത്താനെ നിങ്ങളുടെ കാൽക്കീഴെ ചതച്ചുകളയും" (റോമർ 16:20)

❖

ഞങ്ങളുടെ സഭയിൽ മീറ്റിംഗുകൾക്കു വരുന്ന ഒരാൾ അടുത്ത സമയത്ത് എന്നോടു പറഞ്ഞു. "എന്തുകൊണ്ടാണീ സഭയിൽ ഞാൻ വരുന്നതെന്നു പറയട്ടെ. എന്റെ അമ്മ ഈയിടെ മരിച്ചുപോയി. തൊണ്ണൂറു വയസ്സു പ്രായമുണ്ടായിരുന്ന അവർ കഴിഞ്ഞ നാലുവർഷമായി കിടപ്പിലായിരുന്നു. ഞാനായിരുന്നു അമ്മയുടെ കാര്യമെല്ലാം നോക്കിയിരുന്നത്. അന്ന് ഞാൻ പോയിരുന്ന സഭയിലെ ഞായറാഴ്ച യോഗത്തിൽ നിന്ന് ഞാൻ അമ്മയെ ശുശ്രൂഷിപ്പാൻ അല്പം നേരത്തെ പോരുമായിരുന്നു. ഇതു പതിവായപ്പോൾ ആ സഭയിലെ പാസ്റ്റർക്കു സഹിക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം അദ്ദേഹം 'നിങ്ങൾ പോകുന്നെങ്കിൽ ഞാൻ പ്രസംഗിക്കാൻ തുടങ്ങുന്നതിനു മുമ്പ് ഇപ്പോൾ തന്നെ പോകുക' എന്നു പരസ്യമായി പറഞ്ഞു. പക്ഷേ ഇവിടെ, നിങ്ങളുടെ സഭയിലാകട്ടെ ഒരാൾപോലും നേരത്തെ പോകുന്നതിനെക്കുറിച്ച് എന്നോട് ഒരു വാക്കും ചോദിച്ചിട്ടില്ല. ഇതൊരു കൊച്ചുകാര്യമായി തോന്നാം. പക്ഷേ എന്നെ സംബന്ധിച്ച് ഇതൊരു വലിയ കാര്യമാണ്. ഞാൻ നേരത്തെ പോകുന്നത് അമ്മയെ ശുശ്രൂഷിക്കാനാണെന്നൊന്നും ഇവിടെ എല്ലാവരോടും വിശദീകരിക്കേണ്ടിവന്നില്ലല്ലോ."

സർവ്വസാധാരണമായ കാര്യങ്ങൾ. ദൈനംദിനജീവിതം-അവിടെയാണ് നാം കരുണ കാണിക്കേണ്ടത്. ഒരു പുഞ്ചിരി, ഒരു ആശ്ലേഷം, ദയയോടുകൂടിയ ഒരു വാക്ക്. ഇവയ്ക്കെല്ലാം വലിയ വിലയുണ്ട്.

എന്നാൽ സദാസമയവും 'ദൈവം എന്നോടു കോപിച്ചിരിക്കുന്നു. ഞാൻ ഇപ്പോൾ വീണുപോകും. എനിക്കറിയാം ഞാൻ അത്തരം ഒരാളാണ്' എന്ന് ചിന്തിച്ചുകൊണ്ടിരുന്നാൽ നമുക്ക് ഒരാളോടും കരുണ കാണിപ്പാൻ കഴിയുകയില്ല. നരകത്തിൽ നിന്ന് ഒരടിമാത്രം അകലെയാണെന്ന് ചിന്തിച്ചുകൊണ്ടിരുന്നാൽ ദൈവത്തിന്റെ കൃപയിലും സ്നേഹത്തിലും ഉല്ലസിപ്പാൻ എങ്ങനെ കഴിയും?

ദൈവത്തിന്റെ കരുണയിൽ നിന്ന് ആശ്വാസം പ്രാപിക്കാൻ നാം ഇനിയും പഠിച്ചിട്ടില്ലെങ്കിൽ മറ്റുള്ളവർക്ക് ആശ്വാസം പകരുവാൻ നമുക്ക് സാധ്യമല്ല. "ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ട് ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിക്കാൻ ശക്തരാകേണ്ടതിന് ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു......... ഞങ്ങൾ കഷ്ടം അനുഭവിക്കുന്നു എങ്കിൽ അതു നിങ്ങളുടെ ആശ്വാസത്തിനും രക്ഷയ്ക്കും ആകുന്നു" (2 കൊരി. 1:4-6)

പല ക്രിസ്ത്യാനികളും കരുണയുള്ളവരായിരിക്കുന്നില്ല എന്നതിന്റെ പ്രാഥമിക കാരണം ഇതാണ്: ദൈവം തങ്ങളോടു കാണിച്ച കരുണയിൽ നിന്ന് അവർ ആശ്വാസം പ്രാപിച്ചിട്ടില്ല. തന്റെ ദയയിൽ വിശ്രമിക്കുന്നതെങ്ങനെയെന്ന് അവർക്കറിഞ്ഞുകൂടാ. ദൈവം കരുണയുള്ളവനാണെന്ന് അവർ കേട്ടിട്ടുണ്ട്. തങ്ങളോടും അവിടുന്ന് ദയയുള്ളവനായിരിക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു. പക്ഷേ അവർക്ക് അക്കാര്യത്തിൽ ഉറപ്പില്ല. ആശ്വസിപ്പിക്കുന്ന സമാധാനം എന്തെന്ന് അവർക്കറിയില്ല!

കരുണയുള്ള ക്രിസ്ത്യാനികളാണ് കർത്താവിന്റെ ആശ്വാസവാഹകർ. ദൈവത്തിന്റെ ദയയും കരു

# ബൈബിളിലൂടെ....

*(പേജ് 27 ൽ നിന്ന് തുടർച്ച ...)*

നിങ്ങളുടെ ജീവിതത്തെ സന്തോഷം കൊണ്ടു നിറയ്ക്കും എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഒരിക്കലുമില്ല. നിങ്ങൾക്കുള്ളതുകൊണ്ടു തൃപ്തിപ്പെടുക. "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല" എന്ന കർത്താവിന്റെ ശബ്ദം നിങ്ങൾക്കു കേൾക്കാൻ കഴിയുന്നുണ്ടെങ്കിൽ അതുമതി. അപ്പോൾ എല്ലാ സന്ദർഭത്തിലും നിങ്ങൾക്കു ധൈര്യത്തോടെ പറയാൻ കഴിയും. "കർത്താവ് എനിക്കു തുണ. ഞാൻ പേടിക്കയില്ല. മനുഷ്യർക്ക് എന്നോടു എന്തു ചെയ്‌വാൻ കഴിയും"(13:6). അങ്ങനെ നമുക്ക് ഒരു സാഹചര്യത്തെയും ഒരു മനുഷ്യനെയും ഭയപ്പെടാതെ ജീവിക്കാൻ കഴിയും.

13:7-ൽ ഭക്തിയോടെ വിശ്വാസജീവിതം നയിച്ച് നിങ്ങളെ നടത്തി ലോകത്തിൽനിന്നും കടന്നുപോയവരുടെ ജീവിതം മാതൃകയാക്കുക. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ ആയിരിക്കുന്നതുകൊണ്ട് അവരെ നടത്തിയവൻ നിങ്ങളെയും നടത്തുവാൻ മതിയായവൻ. അവർക്ക് അവിടുന്ന് എന്തൊക്കെ നൽകിയോ അതൊക്കെ നിങ്ങൾക്കും നൽകും. ഉപദേശിക്കുന്നവർക്ക് ആത്മീയമായ പ്രയോജനം ലഭിക്കാത്ത തെറ്റായ ഉപദേശങ്ങളെ ശ്രദ്ധിക്കരുത് എന്ന മുന്നറിയിപ്പ് ഈ ലേഖകൻ നൽകുന്നു. ശരിയായ ഉപദേശം നിങ്ങൾ പാപം ചെയ്യാതിരിക്കുവാൻ തക്കവണ്ണം യഥാർത്ഥകൃപയാൽ നിങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിക്കുന്നതായിരിക്കും (13:9). ഇന്ന് പലതരത്തിലുള്ള അന്യമായ ഉപദേശങ്ങൾ പ്രചരിക്കുന്നുണ്ട്. നാം അവയെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഈ ഉപദേശങ്ങൾ പ്രസംഗിക്കുന്ന ആളുകൾ ക്രിസ്തുതുല്യരായിത്തീരുന്നുവോ എന്നു ശ്രദ്ധിക്കുക. ഇല്ലെങ്കിൽ അവയെ വിടുക.

യേശുവിനെ അനുഗമിക്കുക എന്നാൽ എക്കാലത്തും ഏതു തലമുറയിലും ലോകവും മതവും ഉണ്ടാക്കിയ അക്രൈസ്തവമായ, അനാത്മികമായ പാളയത്തിനു പുറത്ത് അവന്റെ നിന്ദ ചുമന്നുകൊണ്ടു അവന്റെ അടുക്കൽ ചെന്നാൽ മാത്രമേ സാദ്ധ്യമാകൂ (13:10-13).

എല്ലാ സമയത്തും ദൈവത്തിനു സ്തുതി ഏറ്റുപറയുന്ന സ്തോത്രയാഗം അർപ്പിക്കുവാൻ പരിശീലിക്കാം. (13:15).

13:17-ൽ നമ്മുടെ സഭാനേതൃത്വത്തെ അനുസരിക്കുവാൻ നമ്മോടു കല്പിച്ചിരിക്കുന്നു. ദൈവം ആത്മീയാധികാരത്തോടെ നിയോഗിച്ചവരിലൂടെ...

ണയും ആസ്വദിച്ചിട്ടുള്ള അവർക്ക് അതു മറ്റുള്ളവരോടു പറയുവാനും പ്രവൃത്തിയിലൂടെ വെളിവാക്കുവാനും കഴിയും.

ദൈവത്തിന്റെ കരുണയിൽ നിന്ന് ആശ്വാസം പ്രാപിച്ചാൽ ആ കരുണ നമ്മിൽ നിറഞ്ഞു കവിഞ്ഞ് മറ്റുള്ളവരിലേക്ക് ഒഴുകിയെത്തും എന്നതു തീർച്ചയാണ്. (വേൾഡ് ചലഞ്ച്)

❖

## YOUTH SECTION

### Bornagain-II



# THE PROOF OF BEING BORN AGAIN

**Sandeep Poonen**

I spoke previously about being born again:

1. Born of water: Completely Cleansed Of All My Past Sins
2. Born of the Spirit: A Soft Heart Towards The One Thing That Offends God: Our Sins
3. Born of the Spirit: A Soft Heart Towards God Himself: As Our Loving Heavenly Father

But what is the proof and guarantee that we are born again? This is where it is also necessary to have a clear answer.

If you were to ask serious Christians this question, I think the vast majority would say that the mark of being born again is that we have a radically different attitude towards sin. And while I think that is not incorrect, I think that the Christian's changed response to sin is the *second part of the answer*. Many of us miss the very important step that comes FIRST.

---

ച്ചിരിക്കുന്നവരെ നാം ബഹുമാനിക്കുകയും വിലമതിക്കുകയും അവർക്കു കീഴടങ്ങിയിരിക്കുകയും വേണം. എല്ലാ വിശ്വാസികൾക്കും ഇപ്രകാരമുള്ള ആത്മീയ ഉത്തരവാദിത്തമുണ്ടെന്നു ലേഖകൻ വിചാരിക്കുന്നു. ഉത്തരവാദിത്തമുള്ളവർ നിങ്ങളെക്കുറിച്ചു ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവരാണ്. തങ്ങളുടെ അധികാരത്തിലുള്ളവർക്കു വേണ്ടി ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടവരാണ് നിങ്ങളുടെ ആത്മീയ നേതാക്കന്മാർ എന്നു നിങ്ങൾ അറിയുന്നുണ്ടോ? മൂപ്പന്മാർ തങ്ങളുടെ ആടുകളെക്കുറിച്ചും ഈ ഉത്തരവാദിത്തബോധമുള്ളവരായിരിക്കുക.

ഈ ലേഖനം ഉപസംഹരിക്കുന്ന അനുഗ്രഹവചസ്സുകൾ ശ്രദ്ധിക്കുക:

"നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്ക് പ്രസാദമുള്ളതു യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ. അവന് എന്നെന്നേക്കും മഹത്വം ആമേൻ" (13:20,21).

(അടുത്ത ലക്കത്തിൽ: യാക്കോബിന്റെ ലേഖനം)

മൊഴിമാറ്റം: **ബോബി ചെറിയാൻ**

❖

Let me illustrate with a story that we are familiar with: The story of the lost son in *Luke 15:11-32*. I'd like to use this story as a parable of what it means to be born again.

All of us have squandered the inheritance that the Lord has given us. All of us have sinned and fallen short of the glory of God. But when we come to our senses, we realize that God is not a hard taskmaster, but rather a God who loves us like a father does. And even the angels in the house of God are satisfied and filled up, while we, who are His children, hunger and thirst in when we are apart from God.

So we decide to return home, like the younger son did. And our hearts are repentant, knowing that we are not worthy to be called children of God. And as we approach God with the full knowledge of our sins, we find that the love of God overwhelms us and drowns out our cries. The great promises of God's love for us shout out that we are His children, and that we are seated in the heavenlies with Jesus Christ.

And this is all truly wonderful. But even as we take all of this in, we are still not yet born again. We can know all the facts of God's love and His goodness towards us, but as long as we stay outside, we have not been born again. We must enter the Father's house of love with Him. And we must humble ourselves and ACCEPT the feast that the Father wants to throw for us.

Think about that! We have sinned and we come home truly feeling unworthy, but we find a feast in our honor. And our pride and our human sense of justice revolts against this party. We don't think that it is righteous or fair that a feast be thrown for us – we who were such sinners and offenders of God.

This is what prevents a lot of people from being born again. They know all the facts of God's love. And they are truly sorry for their sins. But their human logic and sense of human justice prevents them from humbly accepting God's love and mercy that is beyond all human comprehension.

So what then is the point when the younger son was born again? ***I believe it was when the younger son walked back with his father into the house, and celebrated with the father***.

I love how the story ENDS for the younger son. This is the last verse written about the younger son: *And they began to celebrate (Luke 15:24)*.

This is the end of the story for the younger son. THEY (the father AND the younger son) began to celebrate. The son that was lost but now was found must also celebrate. He must fully accept and embrace the celebration for his own return. *Romans 11:33 – Oh, the depth of the riches both of the wisdom and knowledge of God! How unsearchable are His judgments and unfathomable His ways!*

And that night, as the prodigal son went to bed after the massive celebration on his account, what was the prodigal son thinking? *Psalms 9:10 (The Message) - The moment you arrive, you relax; you're never sorry you knocked*.

When the younger son rose the next morning, he woke up with **the assurance of his father's acceptance**. And with the peace of that assurance, he would live that day seeking to be utterly loyal to the father. He would hate all that the father hated, and love all that the father loved.

This is how it is with us too. When we accept the Father's unfathomable rejoicing and love over our return, we are brought to rest. And it is from this place of rest, that we get up and seek to honor the Father and His love with our obedience and loyalty. We seek to love (through our obedience and submission) the One who first lavished his love on us beyond comprehension.

Paul talks about a two-sided seal of God that must be the foundation over our lives: *2 Timothy 2:19 - Nevertheless, the firm foundation of God stands, having this seal, "The Lord knows those who are His," and, "Everyone who names the name of the Lord is to abstain from wickedness."*

A seal is something that grips us and acts as a guarantee and a sealant! As we see here, the seal has TWO parts to it; God's part and man's part. Our duty is to embrace both sides of God's seal.

<u>God's Part: The Lord knows those who are His:</u>

What a wonderful assurance to live with: **God knows me**. Our pursuit in knowing God will take all eternity. But the fact that God knows everything about me should bring me great rest.

God knows all of my past. God knows all of my mistakes that I have made and I will make.

There is nothing that will surprise God about me.

Very simply, God knows me.

And His everlasting love for me, even as He knows everything about me, is what brings me rest.

<u>Our part: Everyone who names the name of the Lord is to abstain from wickedness:</u>

This is our response when we encounter the magnificent love of God. We will stay away from all sin. How else would we respond to the infinite love of God? This limitless love will compel us and keep us in the paths of love. And our staying away from sin is not the restrictive chains of the fear of punishment. Rather, it's the natural and obvious response to the great love of God.

This is how Adam and Eve were meant to live with God on this earth. They were created on the second half of the sixth day. And the first thing they did was to rest (on the seventh day), even before they set out to do the God-given task of cultivating the Garden of Eden. God wanted Adam and Eve to first rest in the full acceptance and embrace of His love. After all, they were the only two of all of God's creation that were made in His creation, and breathed on by God. Adam and Eve should have marveled at this great privilege. This was to be the fuel for all their labors for Him. But sadly, they despised this great love and listened to the lies of the devil that God did not love them.

Dear family of God, let us not make the same mistake. The very beginning of our lives as being born again and being new creations is a massive celebration. God celebrates the new birth of every Christian with great joy, just like any human parent celebrates their newborn child with great joy. Let's never forget this of our loving Father. And as rest in His love, it will be most natural that we respond with a love for Him. A love that draws close to the One who knows us, and a love turns away from every bit of sin and wickedness.

❖

അവിടെ കാണാം- 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ' (13:7). ചഞ്ചലിച്ചു പോകാവുന്ന സാഹചര്യത്തിൽ ധൈര്യം നൽകുന്ന ഈ മൂന്നു ഘടകങ്ങളും കണ്ടു ബലപ്പെട്ട വിശ്വാസി തന്റെ വിശ്വാസം ഏറ്റുപറയുന്നതും ഈ ഭാഗത്തു രേഖപ്പെടുത്തിയിരിക്കുന്നു- "ആകയാൽ 'കർത്താവ് എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോട് എന്തു ചെയ്യും' എന്നു നമുക്കു ധൈര്യത്തോടെ പറയാം" (13:6). ചുരുക്കത്തിൽ നമ്മെ ശക്തിപ്പെടുത്താൻ ദൈവം ഉണ്ട്, ദൈവിക വാഗ്ദാനങ്ങളുണ്ട്, ദൈവസഭയുണ്ട്. ഇവയോടുള്ള പ്രതികരണമായി നമ്മുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലുമുണ്ട്.

ദൈവത്തിനു പല പ്രത്യേകതകൾ ഉണ്ടെങ്കിലും അവിടുന്ന് അനന്യൻ, മാറ്റമില്ലാത്തവൻ (same) എന്ന പ്രത്യേകതയിലാണ് ഇവിടത്തെ ഊന്നൽ. ഭൂമിയും ആകാശവും മാറിപ്പോയാലും മാറ്റമില്ലാത്ത ദൈവത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് എബ്രായലേഖനം ആരംഭിക്കുന്നതു തന്നെ. 'കർത്താവേ നീ പൂർവകാലത്തു ഭൂമിക്ക് അടിസ്ഥാനമിട്ടു ആകാശവും നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു... അവ മാറിപ്പോകും. നീയോ അനന്യൻ' (1:12). 13-ാം അദ്ധ്യായത്തിലേക്കു വരുമ്പോൾ മൂന്നു കാലത്തിലും – ഇന്നലെ, ഇന്ന്, എന്നേക്കും- യേശുക്രിസ്തു അനന്യനാണെന്നു പറയുന്നു. യേശുക്രിസ്തു ഇന്നലെ ഈ ഭൂമിയിലായിരുന്നപ്പോൾ ആളുകളുടെ ആവശ്യങ്ങളോട് ആർദ്രതയോടെ പ്രതികരിച്ചെങ്കിൽ, അവരെ കാണുമ്പോൾ ആദ്യം 'ഭയപ്പെടേണ്ട' എന്നു ധൈര്യപ്പെടുത്തിയെങ്കിൽ, അവിടുന്ന് ഇന്നും നാളെയും അങ്ങനെ തന്നെ ആയിരിക്കും. 'തന്റെ സ്വഭാവം ത്യജിപ്പാൻ അവിടുത്തേക്കു കഴിയുകയില്ലല്ലോ.' എത്ര വലിയ ധൈര്യമാണു ദൈവസാന്നിധ്യം നമുക്കു നൽകുന്നത്!

ആകാശവും ഭൂമിയും മാറിപ്പോയാലും അനന്യനായി നില്ക്കുന്ന യേശുക്രിസ്തുവിന്റെ വാഗ്ദാനങ്ങളും അങ്ങനെ തന്നെയാണ്. ആകാശവും ഭൂമിയും മാറിപ്പോയാലും ആ വചനങ്ങൾക്കു മാറ്റമില്ലല്ലോ (മത്തായി 24:35). അങ്ങനെ മാറ്റമില്ലാതെ നില്ക്കുന്ന അവിടുത്തെ വാഗ്ദാനങ്ങളിലൊന്നാണ് 'ഞാൻ കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല' എന്നത്. ഇതും എത്ര വലിയ ധൈര്യം നമുക്കു നൽകണം! പക്ഷേ വചനം നമ്മെ ശക്തിപ്പെടുത്തുവാൻ ദൈവികവാഗ്ദാനങ്ങളെ കേവലം എഴുതപ്പെട്ട പൊതുവായ വചനങ്ങളായി ('ലോഗോസാ'യി) നാം കണ്ടാൽ പോരാ. അവ ദൈവത്തിന്റെ വായിൽനിന്നു തന്നെ വരുന്ന നമുക്കു വേണ്ടിയുള്ള വ്യക്തിപരമായ വചനമായി ('റീമ'യായി) നാം ഏറ്റെടുക്കേണ്ടതുണ്ട്.

മൂന്നാമത് നമ്മെ ശക്തിപ്പെടുത്തുന്നതു നമുക്കു ചുറ്റുമുള്ള വിശ്വാസസമൂഹമാണ്, സഭയാണ്. നമുക്കു മുൻപേ പോയ ഈ ദൈവഭക്തരുടെ വിശ്വാസം അനുകരിപ്പാനാണു നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ശ്രദ്ധിച്ചോ? അവരുടെ ജീവാവസാനം ഓർത്തുവേണം അവരെ അനുകരി

പ്പാൻ. നമുക്കു മുൻപിൽ പോയ ദൈവഭക്തർ നമുക്കു മാതൃകയായിരിക്കുന്നതുപോലെ ഈ വിശ്വാസസമൂഹത്തിന്റെ ഭാഗമായ നാം നമുക്കു പിന്നാലെ വരുന്നവർക്കും അനുകരണ യോഗ്യമായ ഒരു വിശ്വാസം കാഴ്ചവയ്ക്കാൻ ബാധ്യസ്ഥരാണല്ലോ. ഇതു നമുക്ക് വലിയ ഒരു ഉത്തരവാദിത്തം നൽകുന്നുണ്ട്. അവരും നമ്മുടെ ജീവാവസാനം ഓർത്തുവേണം നമ്മെ അനുകരിക്കാൻ. ക്രിസ്തീയ ജീവിതം എങ്ങനെ ആരംഭിച്ചുവെന്നതല്ല എങ്ങനെ അവസാനിച്ചു എന്നതാണു നിർണായകം. പലരുടെയും നല്ല തുടക്കമായിരിക്കും. എന്നാൽ അവസാനമോ? ഓട്ടക്കളത്തിൽ ഓടുന്നവർ അനേകർ. എന്നാൽ വിരുതു പ്രാപിക്കുന്നതാണു പ്രധാനം. അതുകൊണ്ട് 'നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ' എന്നു കൊരിന്ത്യരെ ഉദ്ബോധിപ്പിച്ച പൗലൊസ് തുടർന്ന് സ്വന്തം അനുഭവം പറയുന്നു- 'ഞാൻ നിശ്ചയമില്ലാത്ത വണ്ണമല്ല ഓടുന്നത്' (1കൊരി. 9:26). ആ അദ്ധ്യായം പൗലൊസ് അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്- 'മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിനു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്.' ഈ ഒരു നിശ്ചയദാർഢ്യത്തോടെ ജീവിച്ചതുകൊണ്ട് പൗലൊസ് ജീവിതാന്ത്യത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസ്താവിക്കുന്നു. - 'ഞാൻ ..... ഓട്ടം തികച്ചു' (2 തിമൊ. 4:7). അപ്പോൾ അതാണു കാര്യം. ഓട്ടം തികയ്ക്കണം. ഉവ്വ്, മരണപര്യന്തം വിശ്വസ്തനായി നിന്നാലേ ജീവകിരീടം പ്രാപിക്കാൻ കഴിയൂ (വെളിപ്പാ. 2:10).

എബ്രായർ 13 ലേക്ക് മടങ്ങിവരുമ്പോൾ അവിടെ കർത്താവും വാഗ്ദാനവും സഭയും നൽകിയ ക്രിയാത്മകമായ ഊർജ്ജം ക്രിസ്ത്യാനിയെ തന്റെ വിശ്വാസം ഏറ്റുപറയാൻ (confess the faith) പ്രേരിപ്പിക്കുന്നതും നാം കാണുന്നു-'കർത്താവ് എനിക്കു തുണ. ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോടു എന്തു ചെയ്യും?' ഇതു സങ്കീർത്തനത്തിൽ നിന്നുള്ള ഒരു ഉദ്ധരണിയാണ് (118:6). ദാവീദിന്റെ ഒരു സങ്കീർത്തനത്തിലും ഇതിനു സമാനമായ ഒരു വെല്ലുവിളി നാം കാണുന്നു- 'യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു. ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം ഞാൻ ആരെ പേടിക്കും?' (27:1). വാസ്തവത്തിൽ ഈ ധൈര്യത്തിന്റെ വാക്കുകൾ പ്രസ്താവിക്കുന്ന ദാവീദിന്റെ അനുഭവം എന്തായിരുന്നു? ജീവനെ പേടിച്ചും ശൗലിനെ ഭയപ്പെട്ടും ദുർഗ്ഗങ്ങളിലും മരുഭൂമികളിലും ഉഴന്നു നടന്ന ദിനങ്ങൾ. ആ അനുഭവങ്ങൾക്കിടയിലും വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ ഉള്ളവനായിരുന്നു ദാവീദ്. അല്ലെങ്കിൽ നോക്കുക: 'ഞാൻ ഭയപ്പെടുകയില്ല. ജഡത്തിന് എന്നോട് എന്ത് ചെയ്വാൻ കഴിയും?' (സങ്കീ. 54:6). 'ഞാൻ ഭയപ്പെടുകയില്ല മനുഷ്യന് എന്നോടു എന്തു ചെയ്വാൻ കഴിയും' (56:11). ദാവീദ് ഇങ്ങനെ പറയുമ്പോൾ ഏറ്റവും ഭയപ്പെടാവുന്ന സാഹചര്യമാണ് ദാവീദിന് അപ്പോൾ ഉണ്ടായിരുന്നതെന്ന് 56-ാം സങ്കീർത്തനത്തിന്റെ തലക്കെട്ടു വായിച്ചാൽ വ്യക്തമാകും. പക്ഷേ ആ സമയത്തും ദാവീദ് തന്റെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ ഉപേക്ഷിച്ചില്ല. ഫലം, അവന്റെ വിശ്വാസത്തിന്റെ വാക്കുകൾ ഒടുവിൽ യാഥാർത്ഥ്യമായിത്തീർന്നു. നമുക്കും നിരാശയുടെയും അവിശ്വാസത്തിന്റെയും വാക്കുകൾ ഉപേക്ഷിച്ച് വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ ഉള്ള

വരായി തുടരാം.

വിശ്വാസത്തോടെ ദൈവത്തെ ആശ്രയിക്കുന്നത് സംബന്ധിച്ച് ഏറെക്കുറെ ഒരേപോലെ തോന്നുന്ന രണ്ടു വാക്യങ്ങളുണ്ട്. ഒന്ന്: 'ഭയപ്പെടുന്ന നാളിൽ ഞാൻ നിന്നിൽ ആശ്രയിക്കും' (സങ്കീർ. 56:3). രണ്ടാമത്തെ വാക്യം 'ഞാൻ ഭയപ്പെടാതെ ആശ്രയിക്കും' (യെശയ്യാ. 12:2). തീർച്ചയായും ഭയപ്പെടാതെ ദൈവത്തിൽ ആശ്രയിക്കുന്നതാണ് മെച്ചപ്പെട്ട കാര്യം. പക്ഷേ അതിലേക്കു വരാൻ കഴിയുന്നത് ഭയപ്പെടുമ്പോൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടാണ്. അവിടെ തുടങ്ങുക. ക്രമേണ ഭയപ്പെടാതെ ദൈവത്തിൽ ആശ്രയിക്കാൻ കഴിയും.

'ഭയപ്പെടേണ്ട'- വിവിധ പ്രശ്നങ്ങളുമായി തന്നെ സമീപിച്ചവരോട് യേശു എപ്പോഴും ആദ്യം അങ്ങനെയാണു പറഞ്ഞിരുന്നത്. എന്തുകൊണ്ടാണ് അവിടുന്ന് അങ്ങനെ പറഞ്ഞത്? ഒരു ദൈവഭൃത്യൻ പറയാറുള്ളതുപോലെ യേശു ആദ്യം അവരുടെ ഭയത്തെ പുറത്താക്കുകയായിരുന്നു; തുടർന്ന് രോഗമുൾപ്പെടെയുള്ള അവരുടെ പ്രശ്നങ്ങളെയും. പ്രശ്നപരിഹാരത്തിനു ഭയം തടസ്സമാണെന്ന് അറിയാവുന്നതുകൊണ്ടാണു യേശു ആദ്യം ഭയത്തെ പുറത്താക്കിയത്.

'ഭയപ്പെടേണ്ട' എന്ന് ഒരു ഖണ്ഡികയിൽതന്നെ യേശു മൂന്നുവട്ടം പറഞ്ഞിരിക്കുന്നത് മത്തായി 10-ാം അദ്ധ്യായത്തിൽ കാണാം. അവ മൂന്നും മൂന്നു കാര്യങ്ങളോടു ബന്ധപ്പെടുത്തിയാണു യേശു പറഞ്ഞത്. 10:26-ൽ യേശു ആദ്യം പറയുന്നു: "ഭയപ്പെടേണ്ട, മറച്ചുവച്ചത് ഒന്നും വെളിപ്പെടാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല."

ആളുകൾ സാധാരണ ആരോടും പങ്കു വയ്ക്കാതെ ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു വലിയ ഭയത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. കഴിഞ്ഞകാലത്തു തങ്ങൾ ചെയ്തിട്ടുള്ളതും ഇന്നു രഹസ്യമായിരിക്കുന്നതുമായ ഏതെങ്കിലും തെറ്റുകൾ എന്നെങ്കിലും വെളിച്ചത്തു വരുമോ എന്നതാണ് ഈ ഭയം. കർത്താവു പറയുന്നു: തീർച്ചയായും. 'മറച്ചുവച്ചതു വെളിപ്പെടും; ഗൂഢമായത് പുറത്തു വരും'. ഇങ്ങനെ സംഭവിക്കുമെങ്കിൽ ഭൂതകാലത്തിൽ ചെയ്ത പാപങ്ങൾ എപ്പോഴാണു വെളിപ്പെടുക എന്ന ഭീതിയോടെ വേണ്ടേ നമ്മളും ജീവിക്കുവാൻ? പക്ഷേ യേശു 'ഭയപ്പെടേണ്ട' എന്നു പറഞ്ഞിട്ടാണല്ലോ ഭയാനകമായ ഈ കാര്യം പറഞ്ഞത്? എന്താണിതിന്റെ പൊരുൾ?

ഇതിന്റെ ഉത്തരം ഇങ്ങനെയാണ്: യേശു തന്റെ ശിഷ്യന്മാരോടാണ്, നമ്മോടാണ്, ഭയപ്പെടേണ്ട എന്നു പറഞ്ഞിരിക്കുന്നത്. എന്നാൽ ലോകമനുഷ്യൻ ഭയപ്പെടേണ്ടതുണ്ട്. കാരണം ഒരു ദിവസം ദൈവം സകല രഹസ്യങ്ങളെയും വെളിച്ചത്തുകൊണ്ടുവരും. എന്നാൽ അന്നു ദൈവമക്കളുടെ ഭൂതകാല പാപങ്ങൾ അവ യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടതായതിനാൽ ദൈവം വെളിപ്പെടുത്തുകയില്ല. കാരണം അവിടുന്ന് അവ ക്ഷമിക്കുക മാത്രമല്ല മറക്കുകയും ചെയ്തുവല്ലോ. (എബ്രായ. 8:12; 10:17). അതുകൊണ്ട് ഭയപ്പെടേണ്ട. പക്ഷേ ഇവിടെ നമുക്ക് ഒരു ഉത്തരവാദിത്തവും ഉണ്ട്. ഭൂതകാല പാപങ്ങൾക്കു കർത്താവിന്റെ രക്തത്താൽ പരിഹാരം വരുത്തുകയും അവ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ക്രമീകരണം വരുത്തുകയും ചെയ്യേണ്ട ഉത്തരവാദിത്തം. പക്ഷേ അതു ചെയ്താൽ പിന്നെ ഭൂതകാല പാപങ്ങൾ ദൈവം

വെളിച്ചത്തുകൊണ്ടുവരുമെന്ന ഭയം വേണ്ട.

രണ്ടാമത് യേശുപറഞ്ഞു: ‘ ഭയപ്പെടേണ്ട, ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിക്കാൻ കഴിയുന്നവനെത്തന്നെ ഭയപ്പെടുവിൻ’(മത്താ: 10:28). നേരത്തെ ഭൂതകാലത്തെ സംബന്ധിച്ച ഒരു ഭയത്തെക്കുറിച്ചാണ് യേശു പറഞ്ഞതെങ്കിൽ ഇവിടെ ഭാവിയെ സംബന്ധിച്ച ഭയത്തെയാണ് ഉദ്ദേശിക്കുന്നത്. മരണഭയമാണു ലോകമനുഷ്യരുടെ ഏറ്റവും വലിയ പേടി. അതുപോലെ നരകഭയവും ചിലപ്പോൾ അവരെ അലട്ടുന്നു. പാപം ചെയ്യുന്ന ദേഹി മരിക്കും നിശ്ചയം. പാപത്തിന്റെ ശമ്പളം മരണമാണ്. (റോമർ 6:23) തീയും ഗന്ധകവും കത്തുന്നപൊയ്ക, രണ്ടാമത്തെ മരണം ലോകമനുഷ്യരെ കാത്തിരിക്കുന്നു (വെളി. 20:14,15; 21:8). എന്നാൽ നാം ഭയപ്പെടേണ്ട. നമുക്ക് ആ മരണമില്ല. നമ്മുടെ നരകശിക്ഷ ഒഴിഞ്ഞുപോയി. യഥാർത്ഥത്തിൽ ഭയപ്പെടേണ്ട ഒരേയൊരുവനെ ഭയപ്പെടുന്നവർ വാസ്തവത്തിൽ മറ്റൊന്നിനേയും ഭയപ്പെടേണ്ടതില്ലല്ലോ(യെശയ്യാ. 8:12.13 Living Bible)

യേശു മൂന്നാമതു ഭയപ്പെടേണ്ട എന്നു പറഞ്ഞാതു വർത്തമാനകാലത്തെ സംബന്ധിച്ചാണ്: “ഭയപ്പെടേണ്ട, ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ.”(മത്താ.10:31). ദൈനംദിനജീവിതത്തിലെ ആവശ്യങ്ങളുടെ മുൻപിൽ അവ എങ്ങനെ സാധിക്കും എന്നറിയാതെ മനുഷ്യർ ഭയപ്പെട്ടുപോയേക്കാം. പക്ഷേ യേശു പറഞ്ഞു: “എന്തുതിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്..... ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല കളപ്പുരയിൽ കൂട്ടിവയ്ക്കുന്നതുമില്ല. എങ്കിലും സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലോ’’ (മത്താ:6:25,26). ചുരുക്കത്തിൽ വർത്തമാനകാലത്തെ ദൈനംദിന ആവശ്യങ്ങളെ ഓർത്തും നാം ഭയപ്പെടേണ്ട.

‘യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ’ എന്നു പറയുമ്പോൾ അതു ഭൂതകാലത്തെയും വർത്തമാനത്തെയും ഭാവിയെയും ഉദ്ദേശിച്ചുള്ളതാണെന്നു നാം നേരത്തേ കണ്ടു. ആ യേശു തന്നെ നമ്മുടെ ഭൂതകാല, വർത്തമാനകാല, ഭാവികാലജീവിതത്തെ സംബന്ധിച്ച മൂന്നു വ്യത്യസ്ത ഭയങ്ങളെയും ഇഴവിടർത്തി പരിശോധിച്ച ശേഷം പറയുന്നു: ഭയപ്പെടേണ്ട, ഭയപ്പെടേണ്ട, ഭയപ്പെടേണ്ട,

മാത്രമോ? അവിടുന്നു പറഞ്ഞു: ‘ഞാനോ ലോകാവസാനത്തോളം എല്ലാനാളും (ഓരോ നാളും) നിങ്ങളോടു കൂടെയുണ്ട്’ (മത്താ. 28:20)

‘ഒരു നാളും കൈവിടുകയില്ല’ എന്നു പറഞ്ഞവൻ ‘ഓരോ നാളും കൂടെയുണ്ട്’- ഇതിൽ കവിഞ്ഞ് എന്താണു വേണ്ടത്?

അതുകൊണ്ട് ഈ ലോകത്തിന് എന്തു സംഭവിച്ചാലും നമുക്കു ഭയമില്ല. നാം അപ്പോഴും സന്തോഷത്തോടെ ഇങ്ങനെ പാടിക്കൊണ്ടിരിക്കും:

‘ലോകം കീഴ്മേൽ മറിഞ്ഞാലും
എനിക്കില്ലോർ ഭയം
തിര മറിഞ്ഞലച്ചാലും
യേശു എൻ സങ്കേതം’

❖

Thought for the month

# MAKE JESUS YOUR BURDEN

**Santosh Poonen**

You've probably seen or heard about processions of the world's rulers. There's usually a large crowd of people lining the streets, and many security people guarding the path. Finally, after a long wait, the procession can be seen slowly winding its way down the street, as the crowds wave and cheer. The ruler is usually in some very expensive vehicle, and even if the windows are rolled down, is barely seen. This is how it is in the kingdom of this world.

The kingdom of heaven is exactly the opposite, and so is its King! In Matthew 21:1-11, we read about Jesus' procession. If anyone deserved the grandest celebration it was Jesus. Instead, He chose the simplest possible means of transportation – a donkey! The fundamental characteristic of the kingdom of heaven on earth is humility (Zechariah 9:9). This is true likewise about everyone who follows the King of heaven – outwardly our lives will look very simple, but the glorious treasure of heaven is hidden inside (2 Corinthians 4:7).

The animal that Jesus chose to ride on was called a "beast of burden" (Matthew 21:5). This phrase can be applied to all human beings. In the world, I see many people bowed down with burdens – spiritually, emotionally, and sometimes even physically. When Jesus sent His disciples to fetch the donkey and colt from the village, He told them to untie them. This is what Jesus wants to do for you first of all – to release you from all the burdens you may have been carrying for a long time. So, today, cast all your burdens on Him (I Peter 5:7).

But, Jesus' purpose in untying the donkeys was not to let them run free doing whatever they wanted. Rather, He said, "The Lord has need of them" (Matthew 21:3). This is His word to you today as well – He needs you. If the Lord has freed you from your burdens – especially the most important burden of sin – it's not for you to live your life for yourself and your pleasures, but completely for Him and His purpose (Galatians 2:20). In fact, if those donkeys were simply untied and allowed to roam free, someone would have re-captured them and put burdens on them again. This happens spiritually too. When Jesus frees us from our spiritual burdens, if we don't fully surrender our lives to Him, the Devil will find a way to put burdens back on us. Many people who were once forgiven of sin by God, end up enslaved to sin again because they don't become wholehearted disciples of Jesus.

Instead, when the colt was brought to Jesus, He *Himself* sat on them. What a different kind of burden this was! It would not have seemed heavy at all. Rather, it would have been a delight for this colt to carry the King of heaven. This is the life Jesus offers us as well. He says, "Take My yoke upon you and learn from Me, for I am gentle and humble in heart, and you will find rest for your souls. For my yoke is easy and burden is light" (Matthew 11:29-30). As the colt saw the crowds waving and cheering, he could never feel proud. They weren't praising him, but they were praising Jesus sitting on him. To have the spirit of the colt is likewise to recognize that in ourselves we are despised by the world; if we do receive any praise, it must only be for the King of heaven whom we bear within us. There's a line from a 150-year-old hymn that talks about two wonders that we confess when we meditate on the cross of Jesus – "the wonder of redeeming love and my unworthiness."

To make Jesus our burden today is also to make His kingdom our number one priority on earth. Ask God to plant His burden for the people around you in your heart. Then, devote yourself to building up Jesus' church in the area where you live. One day, you will join Him in that final procession, and He will say to you, "Well done, good and faithful servant."

JEEVA MOZHIKAL

RNI/KERBIL/-2003-21404

**November 2018**

Annual Subscription Rs. 150/-

www.jeevamozhikal.org

**Registered No: KL/KTM/46/2018-20**

Licence No: KL/CR/KTM/WPP-15/2018-20

Licence to Post without prepayment

Date of Publication 28-10-2018

# ദൈവത്തിന് അത് ചെയ്യാൻ കഴിയും

'ദൈവത്തിന് എന്തു ചെയ്യാൻ കഴിയും എന്നത് ഒരു രഹസ്യമല്ല...' വിശ്വപ്രസിദ്ധമായ ഒരു ക്രിസ്തീയഗാനം ആരംഭിക്കുന്നത് അങ്ങനെയാണ്. ആ ഗാനത്തിനു പിന്നിൽ ഒരു ജീവിതാനുഭവമുണ്ട്. അനുഭവത്തിൽ ചാലിച്ചെടുത്ത ആ ഈരടികൾ രചിച്ചത് ഗായകൻ, ഗാനരചയിതാവ്, നടൻ, റേഡിയോ അവതാരകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രസിദ്ധനായ അമേരിക്കൻ കലാകാരൻ സ്റ്റുവർട്ട് ഹാബ്ലനാണ്. (1908 - 1989).

ഡോ. ജെ.എച്ച് ഹാബ്ലൻ എന്ന മെത്തോഡിസ്റ്റു പുരോഹിതന്റെ മകനായാണ് സ്റ്റുവർട്ട് ജനിച്ചത്. എന്നാൽ കലാരംഗത്തു പ്രസിദ്ധനായതോടെ മദ്യപാനത്തിലേക്ക് അദ്ദേഹം വഴുതിവീണു. ഒപ്പം ചൂതുകളിയും തുടങ്ങി. 'കാലുറയ്ക്കാത്ത ഈ കലാകാരൻ' പലരുമായും അടിപിടിയുണ്ടാക്കുന്നതും ജയിലിലും ആശുപത്രിയിലും കയറിയിറങ്ങുന്നതും സ്ഥിരം പരിപാടിയാക്കി.

അങ്ങനെയിരിക്കെ അദ്ദേഹം ബില്ലിഗ്രഹാമിന്റെ സുവിശേഷയോഗത്തിൽ പങ്കെടുക്കാനിടയായി. ബില്ലിഗ്രഹാമിന്റെ പ്രസംഗത്തിൽ മാനസാന്തരപ്പെട്ട സ്റ്റുവർട്ട് മദ്യപാനവും ചൂതുകളിയും ഉപേക്ഷിച്ചു പുതിയൊരു മനുഷ്യനായി.

ഇതിന്റെ ഫലമായി അദ്ദേഹത്തിന് ആദ്യം സംഭവിച്ചതു റേഡിയോ സ്റ്റേഷനിലെ അവതാരകന്റെ ജോലി നഷ്ടപ്പെട്ടു എന്നതായിരുന്നു. കാരണം അദ്ദേഹം റേഡിയോയിൽ ബിയറിന്റെ പരസ്യങ്ങൾ അവതരിപ്പിക്കാൻ വിസ്സമ്മതിച്ചു. 1949 ൽ ആയിരുന്നു ഈ സംഭവം.

ജോലി നഷ്ടപ്പെട്ട സ്റ്റുവർട്ടിനെ ആശ്വസിപ്പിക്കാനായി പഴയ കൂട്ടുകാരനും പാശ്ചാത്യസിനിമയിലെ സൂപ്പർതാരവുമായിരുന്ന ജോൺ വെയ്ൻ അദ്ദേഹത്തെ ഒരു സൽക്കാരത്തിനു ക്ഷണിച്ചു. പക്ഷേ ഒരു മദ്യശാലയിൽ ഒരുക്കിയ ആ വിരുന്നിൽ പങ്കെടുക്കാൻ അദ്ദേഹം തയ്യാറായില്ല. ക്ഷണം നിരസിച്ചുകൊണ്ട് സ്റ്റുവർട്ട് ഹാബ്ലൻ പറഞ്ഞു: 'കർത്താവിന് എന്തു ചെയ്യാൻ സാധിക്കും എന്നത് ഒരു രഹസ്യമല്ല.' ഈ മറുപടി കേട്ട ഉടനെ വെയ്ൻ പറഞ്ഞു: "ഈ ആശയത്തോടു കൂടിയ ഒരു ഗാനം നിങ്ങൾ രചിക്കണം."

അങ്ങനെ ഹാബ്ലൻ രചിച്ച ഗാനമാണ് 'ഇറ്റ് ഈസ് നോ സീക്രട്ട് വാട്ട് ഗോഡ് ക്യാൻ ഡു..."

ഈ ഗാനത്തിലെ വരികൾ ഇങ്ങനെ: "നിനക്ക് ഒരു സദ്വാർത്തയുണ്ട്. ദൈവത്തിനു ചെയ്യാൻ സാധിക്കുന്നത് എന്താണെന്നത് ഒരു രഹസ്യമല്ല. മറ്റുള്ളവർക്കു വേണ്ടി ചെയ്തത് അവിടുന്ന് നിനക്കുവേണ്ടിയും ചെയ്യും. കൈകൾ വിരിച്ചു പിടിച്ചുകൊണ്ട് നിന്നോടു ക്ഷമിക്കും."

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.